2025JANUARY
25
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## യുഎസിൽ നിയമവിരുദ്ധ കുടിയേറ്റക്കാർക്കെതിരെ നടപടി: 538 പേർ അറസ്റ്റിൽ

**വാഷിങ്ടൻ:** ഡോണൾഡ് ട്രംപിന്റെ സത്യപ്രതിജ്ഞയ്ക്കു പിന്നാലെ നിയമവിരുദ്ധ കുടിയേറ്റക്കാർക്കെതിരെ യുഎസിൽ നടപടി ആരംഭിച്ചു. 538 നിയമവിരുദ്ധ കുടിയേറ്റക്കാരെ ഇതുവരെ അറസ്റ്റ് ചെയ്തതായി വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് പറഞ്ഞു. ട്രംപ് ഭരണകൂടം 538 നിയമവിരുദ്ധ കുടിയേറ്റക്കാരായ ക്രിമിനലുകളെ അറസ്റ്റ് ചെയ്തു. ഇതിൽ തീവ്രവാദികളെന്ന് സംശയിക്കപ്പെടുന്നവരും ക്രിമിനൽ ഓർഗനൈസേഷനായ ട്രെൻ ഡി അരഗ്വ ഗ്യാങിലെ അംഗങ്ങളും പ്രായപൂർത്തിയല്ലാത്തവർക്ക് നേരെ ലൈംഗികാതിക്രമങ്ങൾ നടത്തിയവരും ഉൾപ്പെടുന്നു. വൈറ്റ് ഹൗസ് വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

നിരവധി അനധികൃത കുടിയേറ്റക്കാരെ സൈനിക വിമാനം വഴി കയറ്റി വിട്ടു. ട്രംപ് വാഗ്ദാനം ചെയ്ത ചരിത്രത്തിലെ ഏറ്റവും വലിയ നാടുകടത്തൽ പുരോഗമിക്കുകയാണെന്നും വാഗ്ദാനങ്ങൾ നടപ്പിലാക്കുമെന്നും വൈറ്റ് ഹൗസ് അറിയിച്ചു. അറസ്റ്റ് ഭീഷണിയുള്ളതിനാൽ കലിഫോർണിയ, ഷിക്കാഗോ തുടങ്ങിയ



സംസ്ഥാനങ്ങളിലെ കുടിയേറ്റക്കാരിൽ പലരും കഴിഞ്ഞ ദിവസങ്ങളിൽ ജോലിക്കെത്തിയില്ല. അമേരിക്കയിൽ നിർമാണ മേഖലയിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും അനധികൃത കുടിയേറ്റക്കാരാണ്.

അനധികൃത കുടിയേറ്റക്കാരെ കൂട്ടത്തോടെ നാടുകടത്തുന്നതിനു മുന്നോടിയായി മെക്സിക്കോ ആവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചു. കൂട്ട അഭയാർഥി പ്രവാഹമുണ്ടാകുന്നത് കണക്കിലെടുത്ത് മെക്സിക്കോയുടെ അതിർത്തി സംസ്ഥാനങ്ങളിൽ കൂടുതൽ അഭയാർഥി കൂടാരങ്ങൾ പണിതു തുടങ്ങി.

## വോയ്സ് കോളുകൾക്കും എസ്എംഎസുകൾക്കും പ്രത്യേക റീചാർജ് പ്ലാനുകളുമായി ടെലികോം കമ്പനികൾ

**കൊച്ചി:** വോയ്സ് കോളുകൾക്കും എസ്എംഎസുകൾക്കും മാത്രമായി പ്രത്യേക റീചാർജ് പ്ലാനുകൾ ആരംഭിച്ച് ടെലികോം കമ്പനികൾ. ടെലികോം കൺസ്യൂമർ പ്രൊട്ടക്ഷൻ റെഗുലേഷൻ ആക്ടിൽ ട്രായ് മാറ്റങ്ങൾ വരുത്തിയതതോടെയാണ് പ്രീപെയ്ഡ് ഉപഭോക്താക്കൾക്കായി പുതിയ പ്ലാൻ അവതരിപ്പിക്കാൻ കമ്പനികൾ നിർബന്ധിതരായത്. എയർടെലും ജിയോയും വിഐയും പ്ലാൻ അവതരിപ്പിച്ചിട്ടുണ്ട്.എയർടെൽ 499 രൂപയുടെയും 1959 രൂപയുടെയും രണ്ട് പ്ലാനുകളാണ് അവതരിപ്പിച്ചത്. 499 രൂപയുടെ പ്ലാനിൽ 84ദിവസത്തേക്ക് 900 എസ്എംഎസും അൺലിമിറ്റഡ് വോയിസ് കോളുമാണ് എയർടെൽ നൽകുന്നത്. 1,959 രൂപയുടെ പാക്കിൽ അൺലിമിറ്റഡ് കോളും 3600 എസ്എംഎസും 365 ദിവസത്തേക്ക് ലഭിക്കും.

ജിയോയും രണ്ട് പ്ലാൻ അവതരിപ്പിച്ചിട്ടുണ്ട്. 458 രൂപയുടെ വോയിഎസ് എസ്എംഎസ് പാക്കിൽ 84 ദിവസത്തേക്ക് 1000 എസ്എംഎസും അൺലിമിറ്റഡ് വോയിസ് കോളും ലഭിക്കും.

## സമ്മിറ്റ് ഓഫ് ഫ്യൂച്ചറിന് ഇന്ന് തുടക്കം

**കൊച്ചി:** സമ്മിറ്റ് ഓഫ് ഫ്യൂച്ചർ 2025ന് ഇന്ന് തുടക്കമാകും. വൈകിട്ട് 7ന് കാക്കനാട് കിൻഫ്ര കൺവെൻഷൻ സെന്ററിൽ നടക്കുന്ന ചടങ്ങ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. മന്ത്രി മുഹമ്മദ് റിയാസ് പ്രഭാഷണം നടത്തും.

ഭാവിയിലെ വെല്ലുവിളികൾ നേരിടുന്നതിനായി ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ഒത്തുചേർന്നുകൊണ്ട് രൂപകൽപ്പന ചെയ്ത ഉച്ചകോടിയിൽ നൂതന ആശയങ്ങളും സാങ്കേതികവിദ്യകളും ചർച്ചചെയ്യും.

ജനുവരി 25 മുതൽ ഫെബ്രുവരി 1 വരെ നടക്കുന്ന സമ്മിറ്റിൽ, വിദ്യാർത്ഥികൾ, ഗവേഷകർ, വ്യാവസായിക പ്രതിനിധികൾ, ജനപ്രതിനിധികൾ അടക്കം ഒരു ലക്ഷത്തിലധികം പേർ പങ്കെടുക്കും. ഏഴ് ദിവസങ്ങളിലായി സുസ്ഥിരത, വിദ്യാഭ്യാസം, സംരംഭകത്വം തുടങ്ങി വിവിധ വിഷയങ്ങളിൽ വിദഗ്ദ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചയും നടക്കും.

കൗതുകവും വിജ്ഞാനവും പകരുന്ന റോബോട്ടിക് എക്സ്പോ മേളയുടെ പ്രത്യേകതയാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗ്രീൻ ടെക്നോളജി, എന്നിവയിലെ ഏറ്റവും പുതിയ കണ്ടെത്തലുകളുടെ പ്രദർശനവും ഉച്ചകോടിയിൽ ഉണ്ടാകും. ഭാവിയിലെ സുസ്ഥിര ഗതാഗത സംവിധാനത്തിന്റെ പ്രതീകമായി ടെസ്‌ല മോഡൽ എക്സ് കാണാനും സാങ്കേതികവിദ്യയെക്കുറിച്ച് അറിവ് നേടാവും മേളയിൽ അവസരമുണ്ട്. ഐഎസ്ആർഒയുടെ പ്രദർശന വാഹനമായ സ്പേസ് ഓൺ വീൽ എക്സിബിഷൻ ബഹിരാകാശ പര്യവേഷണത്തിലെ ഇന്ത്യയുടെ നേട്ടങ്ങളെ ഉയർത്തിക്കാട്ടും.

കൂടാതെ എക്സ്പോ കേരളത്തിന്റെ സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദികൂടിയാകും. കൂടാതെ സുസ്ഥിര ഫാഷൻ ഷോ, റോബോ സോക്കർ, റോബോ വാർ പോലുള്ള മത്സരങ്ങളും സമ്മിറ്റിന്റെ ആകർഷണമാണ്.വിവിധ സംസ്ഥാനങ്ങളിലെ ഗവർണർമാർ, കേന്ദ്ര സംസ്ഥാന മന്ത്രിമാർ, ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ തുടങ്ങി നിരവധി പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുത്ത് ആഗോള പ്രദേശിക വെല്ലുവിളികളെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കും. 26 മുതൽ ഭാവി വിദ്യാഭ്യാസം, സാങ്കേതികവിദ്യ, ഭൂമി, സർഗ്ഗാത്മകത, സംരംഭകത്വവും നവീനതയും, പരിസ്ഥിതി, തുടങ്ങിയ വിഷയങ്ങളിൽ പാനൽ ചർച്ച നടക്കും.

ശശി തരൂർ, എൻ എസ് കെ ഉമേഷ് ഐഎഎസ്, ടോം ജോസ് ഐഎഎസ്, ടി പി ശ്രീനിവാസൻ, ക്രിസ് വേണുഗോപാൽ, ഡോ ബി സന്ധ്യ ഐപിഎസ് തുടങ്ങിയവർ പാനൽ ചർച്ചകളിൽ പങ്കെടുത്ത് സംസാരിക്കും. പൊതുജനങ്ങൾ ഉൾപ്പെടെയുള്ള എല്ലാവർക്കും ഉച്ചകോടിയിൽ പ്രവേശനമുണ്ട്. അമ്പത് രൂപ മുതലാണ് പ്രവേശന ഫീ ആരംഭിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്ക് സംഗീത നിശയ്ക്ക് ഒഴികെ എല്ലാ പരിപാടികളിലേക്കും പ്രവേശനം സൗജന്യമാണ്.

## യുഎസ് പ്രഖ്യാപനം; ചെലവു ചുരുക്കാൻ ലോകാരോഗ്യ സംഘടന

**ജനീവ:** ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറാനുള്ള യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ പ്രഖ്യാപനത്തെ തുടർന്നുള്ള പ്രതിസന്ധി നേരിടാനായി ചെലവു ചുരുക്കാൻ സംഘടന തീരുമാനിച്ചു. ചെലവു ചുരുക്കലിനുള്ള നിർദേശം ലോകാരോഗ്യ സംഘടന മേധാവി ജീവനക്കാർക്ക് നൽകി. യുഎസ് പ്രഖ്യാപനം നമ്മുടെ സാമ്പത്തിക സ്ഥിതി ഗുരുതരമാക്കും. ഡയറക്ടർ ജനറൽ ടെഡ്രോസ് അധാനം കത്തിൽ പറഞ്ഞു. സംഘടനയുടെ ആകെ ബജറ്റിന്റെ 18% നൽകുന്നത് യുഎസാണ്.

യാത്രച്ചെലവുകൾ, പുതിയ നിയമനങ്ങൾ എന്നിവ കുറയ്ക്കും. അതേസമയം, ഗുരുതര വിഷയങ്ങളിൽ ഇടപെടാതിരിക്കില്ല. മുൻഗണനകൾ പുതുക്കി നിശ്ചയിക്കും. കൂടുതൽ ചെലവുചുരുക്കൽ പദ്ധതികൾ പിന്നീടു പ്രഖ്യാപിക്കുമെന്നും ജീവനക്കാർക്കുള്ള സന്ദേശത്തിൽ പറയുന്നു. പ്രസിഡന്റായി ചുമതലയേറ്റ ആദ്യ ദിവസം തന്നെ ലോകാരോഗ്യ സംഘടനയിൽ നിന്ന് പിന്മാറുന്ന തീരുമാനത്തിൽ ട്രംപ് ഒപ്പുവച്ചിരുന്നു. കോവിഡ് പ്രതിസന്ധി നേരിടുന്നതിൽ സംഘടന വീഴ്ച വരുത്തിയെന്നായിരുന്നു ആരോപണം.

## മഹാരാഷ്ട്രയിൽ ആയുധ നിർമാണശാലയിൽ സ്ഫോടനം; 8 മരണം

**മുംബൈ:** മഹാരാഷ്ട്രയിലെ ബന്ദാര ജില്ലയിൽ ആയുധനിർമാണ ശാലയിലുണ്ടായ വൻ സ്ഫോടനത്തിൽ 8 പേർ മരിച്ചു. അപകടത്തിൽ പത്തോളം പേർക്ക് ഗുരുതരമായി പരുക്കേറ്റതായാണ് വിവരം. 8 പേർ മരിച്ചത് പ്രാഥമിക വിവരമാണെന്നും മരണസംഖ്യ ഉയർന്നേക്കാമെന്നും കേന്ദ്രമന്ത്രി നിധിൻ ഗഡ്കരി പറഞ്ഞു. സ്ഫോടനത്തിൽ ഫാക്ടറിയുടെ മേൽക്കൂര തകർന്ന് ജീവനക്കാരുടെ ദേഹത്തേക്ക് പതിക്കുകയായിരുന്നു. രാവിലെ പത്തരയോടെ ആയിരുന്നു സംഭവം. എക്സ്കവേറ്റർ ഉപയോഗിച്ച് അവശിഷ്ടങ്ങൾ നീക്കം ചെയ്താണ് കുടുങ്ങിക്കിടക്കുന്നവരെ പുറത്തെടുത്തതെന്ന് ഫാക്ടറിയിലെ മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.





## ഭിന്നശേഷി കലോത്സവം ഉദ്ഘാടനം ചെയ്തു

**ആലുവ:** നഗരസഭ വർഷിക പദ്ധതി ഭിന്നശേഷി കലോത്സവം ഉത്സവമേളം 2025 ആലുവ ടൗൺഹാളിൽ വച്ച് മുനിസിപ്പൽ ചെയർമാൻ ജോൺ ഉദ്ഘാടനം നടത്തി. ക്ഷേമ കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ മിനി ബൈജു അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ വൈസ് ചെയർ പേഴ്സൺ സൈജി ജോളി, സ്റ്റാൻഡിംഗ് വികസന കമ്മിറ്റി ചെയർമാൻ ലത്തീഫ് പൂഴിത്തുറ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഫാസിൽ ഹുസ്സൈൻ, വാർഡ് കൗൺസിലർമാരായ ജയകുമാർ, ഷമ്മി സെബാസ്റ്റ്യൻ, സാനിയ, സരള, സിഡിഎസ് ചെയർപേഴ്സൺ ലളിത ഗണേശൻ, ഐസിഡിഎസ് സൂപ്പർവൈസർ ഷെഫീന എന്നിവർ പങ്കെടുത്തു.

## വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽമേള; ജോബ് ഡ്രൈവിന് തുടക്കം

**ആലപ്പുഴ:** ജില്ലാ പഞ്ചായത്തിന്റെ വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽമേളയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ആദ്യ ക്യാമ്പസ് ജോബ് രജിസ്ട്രേഷൻ ഡ്രൈവിന് തുടക്കമായി. പുന്നപ്ര കാർമൽ പോളിടെക്നിക് കോളേജിൽ സംഘടിപ്പിച്ച ജോബ് ഡ്രൈവ് എച്ച് സലാം എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മയെന്ന പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന വലിയൊരു ക്യാമ്പയിനാണ് വിജ്ഞാന ആലപ്പുഴയെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തെ സംബന്ധിച്ചും ആലപ്പുഴയെ സംബന്ധിച്ചും ഒരു പ്രധാന പദ്ധതി കേരള സർക്കാരിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ജോലി ഉറപ്പുവരുത്താനും അതിലേറെ വരുന്ന വിദ്യാർവിദ്യാർഥികൾക്കും ചെറുപ്പക്കാർക്കും ജോലിയിലേക്ക് എത്താൻ കഴിയുന്ന സ്കിൽ ഡെവലപ്മെൻറ് നൽകാനും പദ്ധതിയിലൂടെ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർഥിയിൽ നിന്ന് തൊഴിൽമേളയിലേക്കുള്ള ആദ്യ ആപ്ലിക്കേഷനും എം.എൽ.എ. ചടങ്ങിൽ ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി എസ് താഹ അധ്യക്ഷനായി. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബാ രാകേഷ്, ജില്ല പഞ്ചായത്തംഗങ്ങളായ പി അഞ്ചു, ആർ റിയാസ്, പുന്നപ്ര തെക്ക് പഞ്ചായത്ത് പ്രസിഡന്റ് പി ജി സൈറസ്, വൈസ് പ്രസിഡന്റ് സുധർമ്മ ഭുവനചന്ദ്രൻ, പുന്നപ്ര കാർമൽ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ റവ.ഫാ. ജെയിംസ് ദേവസ്യ സി.എം.ഐ, വിജ്ഞാന ആലപ്പുഴ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ സി കെ ഷിബു, കെ ഡിസ്ക് ഫാക്കൽറ്റി പ്രിൻസ് എബ്രഹാം, കെ കെ ഇ എം ജില്ലാ പ്രോഗ്രാം മാനേജർ ഡാനി വർഗീസ്, ജില്ലാ പഞ്ചായത്ത് സീനിയർ സൂപ്രണ്ട് പി വി വിനോദ്, കോളേജ് പ്ലേസ്മെന്റ് ഓഫീസർ ശ്രീജി ശ്രീനിവാസ്, സി.ഐ.ഐ പ്ലേസ്മെന്റ് കോർഡിനേറ്റർ അൽവിൻ സി റോയ്, ഫസ്റ്റ് സോളാർ കമ്പനി പ്രതിനിധികൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**ആദ്യ ക്യാമ്പസ് രജിസ്ട്രേഷൻ ഡ്രൈവിൽ 73 പേർ പങ്കെടുത്തു**

ഫെബ്രുവരി 15 ന് ആലപ്പുഴ എസ് ഡി കോളേജിലാണ് വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽമേള സംഘടിപ്പിക്കുന്നത്.ഇതിന് മുന്നോടിയായി നടന്ന ആദ്യ ക്യാമ്പസ് രജിസ്ട്രേഷൻ ഡ്രൈവിൽ
പുന്നപ്ര കാർമൽ പോളിടെക്നിക്, ചേർത്തല ഗവ. പോളിടെക്നിക് എന്നീ കോളേജുകളിലെ 73 വിദ്യാർഥികൾ പങ്കെടുത്തു. അന്താരാഷ്ട്ര സോളാർ പാനൽ നിർമ്മാണ കമ്പനിയായ ഫസ്റ്റ് സോളാർ (എഫ് എസ് ഇന്ത്യ സോളാർ വെഞ്ചർസ് പ്രൈവറ്റ് ലിമിറ്റഡ്) കമ്പനിയുടെ ചെന്നൈ പ്ലാന്റിലേക്കുള്ള മുപ്പത് അപ്രെന്റിസ്ഷിപ് ഒഴിവുകളിലേക്കാണ് രജിസ്ട്രേഷൻ ഡ്രൈവ് നടന്നത്. ഡിപ്ലോമ മെക്കാനിക്കൽ/ഇലക്ട്രിക്കൽ / ഇ സി /മെക്കട്രോണിക്ക്സ്/ ഇൻസ്ട്രുമെന്റേഷൻ എന്നീ കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥികളും പാസ്സായവരും പങ്കെടുത്തു. വരും ദിവസങ്ങളിൽ മറ്റു കോളേജുകളിലും രജിസ്ട്രേഷൻ ഡ്രൈവ് സംഘടിപ്പിക്കും.

## വയോമിത്രം പദ്ധതിക്ക് 11 കോടി അനുവദിച്ചു

**തിരുവനന്തപുരം:** വയോജന ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിയിൽ 11 കോടി രൂപകൂടി അനുവദിച്ചതായി മന്ത്രി ആർ ബിന്ദു അറിയിച്ചു. ഇതടക്കം നടപ്പു സാമ്പത്തിക വർഷം പദ്ധതിയ്ക്ക് 22 കോടി രൂപ അനുവദിച്ചതായി മന്ത്രി പറഞ്ഞു.

അറുപത്തഞ്ച് വയസ്സിനു മുകളിൽ പ്രായമുള്ള നഗരപ്രദേശവാസികളായ വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ്, പാലിയേറ്റീവ് കെയർ, ഹെൽപ്പ് ഡെസ്ക് സേവനം തുടങ്ങിയവ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശത്തേക്കും വ്യാപിപ്പിച്ചുകഴിഞ്ഞ പദ്ധതി മൂന്നു ബ്ലോക്ക് പഞ്ചായത്തിലും കൂടി ആരംഭിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

വയോമിത്രം പദ്ധതി അടക്കമുള്ള മുതിർന്ന പൗരന്മാർക്കായുള്ള ക്ഷേമപദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിനാണ് കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ പുരസ്കാരം സംസ്ഥാനം നേടിയത്.



# ഈസ്റ്റ് ബംഗാളിനോട് തോറ്റ് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി

**കൊൽക്കത്ത:** തുടർച്ചയായ മൂന്ന് മത്സരങ്ങളിൽ പോയിന്റുകൾ നേടിയ കേരള ബ്ലാസ്റ്റേഴ്സ് എഫ്സി, എവേ മത്സരത്തിൽ ഈസ്റ്റ് ബംഗാൾ എഫ്സിയോട് 2-1ന് തോറ്റു. പുതുവർഷത്തിൽ ടീമിന്റെ ആദ്യ തോൽവി. 20ാം മിനിറ്റിൽ മലയാളി താരം പി.വി വിഷ്ണുവിലൂടെ മുന്നിലെത്തിയ ആതിഥേയ ടീം 72-ാം മിനിറ്റിൽ ഹിജാസി മഹെറിലൂടെ ലീഡ് കൂട്ടി. 84ാം മിനിറ്റിൽ പകരതാരം ഡാനിഷ് ഫാറൂഖ് ആണ് ബ്ലാസ്റ്റേഴ്സിന്റെ ഗോൾ കണ്ടെത്തിയത്. തോറ്റെങ്കിലും 18 മത്സരങ്ങളിൽ നിന്ന് 21 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് എട്ടാം സ്ഥാനത്ത് തുടർന്നു. തുടർച്ചയായ മൂന്ന് തോൽവിക്ക് ശേഷം വിജയവഴിയിലെത്തിയ ഈസ്റ്റ് ബംഗാൾ 17 പോയിന്റുമായി 11-ാം സ്ഥാനത്താണ്.

രണ്ട് മാറ്റങ്ങളായിരുന്നു ബ്ലാസ്റ്റഴ്സ് നിരയിൽ. ക്വാമി പെപ്രയും ഐബെൻ ഡോഹ്ലിങ്ങും മാറി, ജീസസ് ജിമെനെസും സസ്പെൻഷൻ മാറി നവോച്ച സിങ്ങും ആദ്യ ഇലവനിലെത്തി. ഗോൾ വലയ്ക്ക് മുന്നിൽ സച്ചിൻ സുരേഷ് തുടർന്നു. പ്രതിരോധത്തിൽ സന്ദീപ് സിങ്, മിലോസ് ഡ്രിൻസിച്ച്, റുയ്വാ ഹോർമിപാം, നവോച്ച സിങ്. മധ്യനിരയിൽ അഡ്രിയാൻ ലൂണ, ഫ്രെഡി ലല്ലാംമാവ്മ, വിബിൻ മോഹനൻ. മുന്നേറ്റത്തിൽ നോഹ സദൂയ്, കോറു സിങ്, ജീസസ് ജിമിനെസ് എന്നിവർ. ഈസ്റ്റ് ബംഗാൾ വലയ്ക്ക് മുന്നിൽ പ്രഭ്സുഖൻ സിങ് ഗിൽ. പ്രതിരോധത്തിൽ ജീക്സൺ സിങ്, ലാൽ ചുങ്നുംഗ, ഹിജാസി മഹെർ, നിഷുകുമാർ. മധ്യനിരയിൽ പി.വി വിഷ്ണു, സൗവിക് ചക്രബർത്തി, നവോറം സിങ്, റിച്ചാർഡ് സെലിസ്. മുന്നേറ്റത്തിൽ നായകൻ ക്ലെയ്റ്റൺ സിൽവയും ദിമിത്രിയോസ് ഡയമന്റാകോസും

തുടക്കത്തിൽ ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ സമ്മർദത്തിലാക്കി. കോറു സിങ്ങും നോഹയും ഈസ്റ്റ് ബംഗാൾ പ്രതിരോധത്തെ പരീക്ഷിച്ചു. 14ാം മിനിറ്റിൽ ഈസ്റ്റ് ബംഗാൾ ഗോളിനായി ആദ്യശ്രമം നടത്തി. ഡയമന്റകോസിന്റെ കരുത്തുറ്റൊരു ഷോട്ടിനെ ഒറ്റക്കൈ കൊണ്ട് സച്ചിൻ സുരേഷ് ഗതിമാറ്റി. തൊട്ടടുത്ത നിമിഷം ബോക്സിന് തൊട്ടുപുറത്ത് നിന്ന് ലഭിച്ച ഫ്രീകിക്കിൽ ക്ലെയ്റ്റൻ സിൽവ നേരിട്ടുള്ള ഷോട്ടിന് ശ്രമിച്ചു. സച്ചിൻ സുരേഷ് പന്തിനെ തടഞ്ഞെങ്കിലും കൈപ്പിടിയിലാക്കാനായില്ല. ക്ലോസ് റേഞ്ചിൽ റിച്ചാർഡ് സെലിസ് മറ്റൊരു ശ്രമം നടത്തിയെങ്കിലും വിഫലമായി. സെറ്റ്പീസിലൂടെ ഈസ്റ്റ് ബംഗാൾ ബ്ലാസ്റ്റേഴ്സ് ഗോൾമുഖത്ത് തുടർന്നു, 21-ാം മിനിറ്റിൽ അവർ ലക്ഷ്യം കണ്ടു. സ്വന്തം ബോക്സിൽ നിന്ന് പന്ത് പിടിച്ചെടുത്ത് മുന്നേറിയ ക്ലെയ്റ്റൺ വലതുപാർശ്വത്തിൽ നിന്ന മലയാളി താരം പി.വി വിഷ്ണുവിന് ക്രോസ് നൽകി. പന്തുമായി ബോക്സിലേക്ക് കുതിച്ച വിഷ്ണു, ബ്ലാസ്റ്റേഴ്സ് പ്രതിരോധത്തിന്റെയും ഗോളിയുടെയും ആശയക്കുഴപ്പം മുതലെടുത്ത് ഇടങ്കാൽ കൊണ്ട് വലയിലേക്ക് പന്തിനെ മനോഹരമായി പ്ലേസ് ചെയ്തു. വലക്ക് മുന്നിൽ കോറു സിങിനും പന്തിനെ ക്ലിയർ ചെയ്യാനായില്ല. 26-ാം മിനിറ്റിൽ ബോക്സിന്റെ ഒത്തനടുവിൽ നിന്ന് ക്ലെയ്റ്റൻ സിൽവയുടെ ഒരു വലങ്കാലൻ ഷോട്ട് സച്ചിൻ സുരേഷ് അതേമികവിൽ വലയ്ക്ക് മുകളിലാക്കി. 34-ാം മിനിറ്റിൽ അഡ്രിയാൻ ലൂണ പന്തുമായി ബംഗാൾ ബോക്സിലേക്ക് കുതിച്ചെങ്കിലും ലാൽ ചുങ്നുംഗ തടഞ്ഞിട്ടു, പക്ഷേ പെനാൽറ്റിക്കായുള്ള അപ്പീൽ റഫറി അംഗീകരിച്ചില്ല. തൊട്ടുപിന്നാലെ റിച്ചാർഡ് സെലിസിന്റെ ഒരു ഷോട്ട് ഇടതുപോസ്റ്റിൽ തട്ടിത്തെറിച്ചു. 39-ാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് കോർണർ നേടി. ലൂണയുടെ ക്രോസിൽ ജിമെനെസ് ഹെഡറിന് ശ്രമിച്ചു, ലക്ഷ്യം പാളി. ആദ്യപകുതി അവസാനിക്കുന്നതിന് തൊട്ടുമുമ്പ് നിഷു കുമാറിന്റെ കട്ട്ബാക്ക് സച്ചിൻ സുരേഷ് സമർഥമായി ഡൈവ് ചെയ്ത് ലക്ഷ്യത്തിന് പുറത്താക്കി. ആദ്യപകുതിയിൽ ലക്ഷ്യത്തിലേക്ക് ഒരു ഷോട്ട് പോലും പായിക്കാൻ ബ്ലാസ്റ്റേഴ്സിന് കഴിഞ്ഞില്ല.

ഇടവേളയ്ക്കുശേഷം ബ്ലാസ്റ്റേഴ്സ് ആക്രമിച്ചുകളിച്ചു. വലതുവിങ്ങിൽ നിന്ന് ബോക്സിൽ നോഹയെ ലക്ഷ്യമാക്കി ലൂണ മനോഹരമായി പന്ത് കൈമാറി, പക്ഷേ പ്രഭ്സുഖൻ ഗിൽ പന്തിനെ നിയന്ത്രണത്തിലാക്കി. തൊട്ടടുത്ത മിനിറ്റിൽ ബോക്സിനരികെ ഡയമന്റകോസിന്റെ ഷോട്ട് കൃത്യം സച്ചിൻ സുരേഷിന്റെ കയ്യിലെത്തി. ഒപ്പമെത്താൻ ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാൾ ബോക്സിലേക്ക് ഇരച്ചുകയറി, നോഹ സദൂയിയായിരുന്നു ആക്രമണം നയിച്ചത്. തുടർച്ചയായി ആതിഥേയരുടെ വല ലക്ഷ്യമാക്കി പന്തെത്തി. ബോക്സിന് തൊട്ടുപുറത്ത് നോഹ നൽകിയ മികച്ചൊരു പന്തിൽ ഫ്രെഡി ഹെഡറിന് ശ്രമിച്ചെങ്കിലും ലക്ഷ്യം തെറ്റി. ബ്ലാസ്റ്റേഴ്സ് കളിയിലെ ആദ്യമാറ്റം വരുത്തി, ഡ്രിൻസിച്ചിന് പകരം പെപ്ര കളത്തിലെത്തി. 60-ാം മിനിറ്റിൽ നോഹയുടെ ലോങ് റേഞ്ചറും ലക്ഷ്യം കാണാതെ പോയി. ബോക്സിനകത്ത് നോഹയുടെ മറ്റൊരു ഗോൾശ്രമം കൂടി ബംഗാൾ നിര ബ്ലോക്ക് ചെയ്തു. പ്രത്യാക്രമണത്തിന് സന്ദർശകർ ശ്രമിച്ചെങ്കിലും ഹോർമിപാം തടയിട്ടു. കോറു സിങിന് പകരക്കാരനായി ലാൽതൻമാവിയ എത്തി. ബ്ലാസ്റ്റേഴ്സ് സമനിലക്കായി ആഞ്ഞു ശ്രമിക്കവേ ഈസ്റ്റ് ബംഗാൾ രണ്ടാം ഗോളിലെത്തി. കോർണർ കിക്കിൽ നിന്നുള്ള പന്തിന് മാർക്ക് ചെയ്യപ്പെടാതെ നിന്നിരുന്ന ജോർദാൻ താരം ഹിജാസി മഹെർ കൃത്യം തലവച്ചു, ക്ലോസ് റേഞ്ചിലെ ഹെഡറിൽ അനായാസം വല കുലുങ്ങി.

രണ്ട് ഗോൾ ലീഡ് വഴങ്ങിയെങ്കിലും ബ്ലാസ്റ്റേഴ്സ് പതറാതെ കളിച്ചു, ക്വാമി പെപ്രയും ജിമിനെസും തുടർച്ചയായി ആക്രമണങ്ങൾ നടത്തി. 80ാം മിനിറ്റിൽ വിബിൻ മോഹനന് പകരം ഡാനിഷ് ഫാറൂഖ് കളത്തിൽ, ആ മാറ്റം കളിയിലും പ്രതിഫലിച്ചു. 84-ാം മിനിറ്റിൽ ലൂണയുടെ കോർണർ കിക്കിൽ നിന്നുള്ള പന്ത് ഹിജാസി മഹെർ വലയ്ക്ക് മുന്നിൽ ക്ലിയർ ചെയ്തു. വീണ്ടും ബോക്സിൽ വീണ പന്ത് പിടിച്ചെടുക്കാൻ ഇരുടീമുകളുടെയും ശ്രമം. പന്ത് നേടിയ ഡാനിഷ് ഫാറൂഖ് മനോഹരമായൊരു ഹാഫ് വോളിയിലൂടെ വലയുടെ വലത് മുകൾഭാഗത്ത് പന്ത് പതിപ്പിച്ചു. അവസാന മിനിറ്റുകളിൽ ക്വാമി പെപ്ര രണ്ട് ശ്രമങ്ങൾ കൂടി നടത്തിയെങ്കിലും ഈസ്റ്റ് ബംഗാളിന്റെ ജയം തടയാനായില്ല.ജനുവരി 30ന് ചെന്നൈയിൻ എഫ്സിയുമായാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയമാണ് വേദി.

# ശബരിമല റോപ്‌വേ: വനഭൂമിയിൽ സംയുക്ത പരിശോധന നടത്തി

**ശബരിമല:** പമ്പയിൽ നിന്നു സന്നിധാനത്തേക്കു റോപ്‌വേ നിർമിക്കുന്നതിനാവശ്യമായ 4.5336 ഹെക്ടർ വനഭൂമി ലഭിക്കുന്നതിനുള്ള വനം, ദേവസ്വം, റോപ്‌വേ നിർമാണ കമ്പനി പ്രതിനിധികൾ എന്നിവരുടെ സംയുക്ത പരിശോധന നടന്നു. റാന്നി ഡിഎഫ്ഒ ജയകുമാർ ശർമ, എസിഎഫ് ജിയാസ് ജമാലുദീൻ, ഗൂഡ്രിക്കൽ റേഞ്ച് ഓഫിസർ എ.എസ്.അശോക്, പെരിയാർ കടുവ സങ്കേതം ഡപ്യൂട്ടി ഡയറക്ടർ സന്ദീപ് നായർ, ദേവസ്വം എക്സിക്യൂട്ടീവ് എൻജിനീയർ ശ്യാമപ്രസാദ്, അസി.എൻജിനീയർ ഗോപകുമാർ റോപ്‌വേ നിർമാണ കമ്പനിയായ18 സ്റ്റെപ്പ് ദാമോദർ റോപ്‌വേ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് പ്രതിനിധികൾ എന്നിവർ ചേർന്നാണ് പരിശോധന നടത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് വന്യജീവി ബോർഡിനു നൽകുന്ന റിപ്പോർട്ട് നിർണായകമാണ്.

പമ്പ ഹിൽടോപിൽ നിന്നു സന്നിധാനം പൊലീസ് ബാരക് വരെ 2.7 കിലോമീറ്ററാണ് റോപ്‌വേയുടെ നീളം. 40 മുതൽ 60 മീറ്റർ വരെ ഉയരമുള്ള 5 പില്ലറാണുള്ളത്. ഇതിനായി 80 മരം മുറിക്കേണ്ടി വരും. റോപ്‌വേയുടെ തുടക്കം പമ്പ ഹിൽടോപ് പാർക്കിങ് ഗ്രൗണ്ടിൽ നദിയുടെ തീരത്താണ്. ഇവിടം റാന്നി വനമേഖലയുടെ പരിധിയിലാണ്. പമ്പാനദിയുടെ മറുകര മുതൽ സന്നിധാനം വരെ പെരിയാർ കടുവ സങ്കേതത്തിലാണ്. അതിനാൽ രണ്ട് മേഖലയിലെയും വനം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേകമായാണു പരിശോധന നടന്നത്.

റാന്നി വനം ഡിവിഷന്റെ പരിധിയിൽ വരുന്ന പമ്പ ഹിൽടോപ് പാർക്കിങ് ഗ്രൗണ്ടിലാണ് റോപ്‌വേയുടെ അടിസ്ഥാന സ്റ്റേഷൻ. സർവേ നടത്തി ഇതിന്റെ സ്ഥാന നിർണയം നടത്തി ഇരുമ്പുപൈപ്പ് ഉപയോഗിച്ച് നേരത്തെ കുറ്റിയടിച്ചിരുന്നു. പെരിയാർ കടുവ സങ്കേതത്തിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പിന്നീടാണ് സംയുക്ത പരിശോധന നടന്നത്. ഹൈക്കോടതി നിർദേശ പ്രകാരം നേരത്തെ സർവേ നടത്തി ഇവിടെ അതിരുകല്ലു സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ കടുവസങ്കേതത്തിന്റെ പരിധിയിൽ പ്രശ്നങ്ങൾ ഇല്ലായിരുന്നു, ആവശ്യപ്പെട്ട മുഴുവൻ രേഖകളും ദേവസ്വം ബോർഡും റോപ്‌വേ നിർമാണ കമ്പനിയും സമർപ്പിച്ചിട്ടുണ്ട്. വനഭൂമി വിട്ടുകിട്ടുന്നതിനു പകരമായി കുളത്തൂപ്പുഴ കട്ടിളപ്പാറയിലാണു റവന്യൂ ഭൂമി നൽകുന്നത്.

ഇതിന്റെ രേഖകളും നൽകിയിട്ടുണ്ട്. റോപ്‌വേ പൂർത്തിയായാൽ സാധനങ്ങൾ 10 മിനിറ്റിൽ പമ്പയിൽ നിന്നു സന്നിധാനത്ത് എത്തിക്കാൻ കഴിയും. കൂടാതെ അടിയന്തര ഘട്ടത്തിൽ രോഗികളെ കൊണ്ടുവരുന്നതിനുള്ള ആംബുലൻസായി ഉപയോഗിക്കാവുന്ന വിധത്തിൽ 250 കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുക.

## വിപണികൾക്ക് ഉണർവേകി മലഞ്ചരക്ക് ഉത്പന്നങ്ങളുടെ വരവ് തുടങ്ങി

**വടക്കഞ്ചേരി:** മലഞ്ചരക്ക് ഉത്പന്നങ്ങളുടെ വരവ് തുടങ്ങി. ഇനി മൂന്നു മാസക്കാലം മലയോര കർഷകരുടെ അധ്വാനഫലമെല്ലാം വടക്കഞ്ചേരി ഉൾപ്പെടെയുള്ള മലഞ്ചരക്കു കടകളിൽ എത്തും. ഇക്കുറി മലഞ്ചരക്ക് ഉത്പന്നങ്ങൾക്കെല്ലാം ഭേദപ്പെട്ട വിലയുമുണ്ട്. കുരുമുളകിന് കിലോയ്ക്ക് 620 രൂപയാണ് ഇപ്പോഴത്തെ വില.

640 രൂപ വരെ എത്തിയ മുളക് വില സീസണിലേക്ക് കടന്നതോടെയാണ് വിലയിൽ ചെറിയ കുറവ് വന്നിട്ടുള്ളതെന്ന് വടക്കഞ്ചേരി ബസ് സ്റ്റാൻഡിലെ മലഞ്ചരക്ക് വ്യാപാരിയായ ഷൈബു കുര്യാക്കോസ് പറഞ്ഞു. ഗുണവും തൂക്കവും കൂടുതലുള്ള മലയോരത്തെ കുരുമുളകിന് കിലോക്ക് 20 രൂപവരെ കൂടുതലും കിട്ടും. കഴിഞ്ഞവർഷം ഈ സമയത്ത് കിലോയ്ക്ക് 570 രൂപയായിരുന്നു മുളക് വില. ഉണക്ക മഞ്ഞളിനുമുണ്ട് 200 രൂപ. കൊട്ടടയ്ക്ക പുതിയതിന് 300 രൂപയും പഴയ കൊട്ടടക്കയ്ക്ക് 360 രൂപയുമാണ് വില. കഴിഞ്ഞ സീസണിൽ കിലോയ്ക്ക് 1250 രൂപ വരെ എത്തിയ കൊക്കോയുടെ വില താഴ്ന്നിട്ടുണ്ടെങ്കിലും മോശമല്ലാത്ത വില നിലവിലുണ്ട്. കിലോക്ക് 750 രൂപയാണ് ഇപ്പോഴത്തെ വില. 75 രൂപയുണ്ട് വാട്ട് കപ്പക്ക്.തോട്ടപ്പയറിന് തുടക്കത്തിൽ തന്നെ കിലോക്ക് ആയിരം രൂപയുണ്ട്. കഴിഞ്ഞവർഷം 1250 രൂപ വരെ എത്തിയിരുന്നു. ഈ വർഷവും തോട്ടപ്പയർ വില കഴിഞ്ഞ വർഷത്തെ നിരക്കിലെത്തുമെന്നാണ് കച്ചവടക്കാർ പറയുന്നത്. മലഞ്ചരക്ക് വിപണി ഉണർന്നതോടെ കർഷകരുടെ പക്കൽ പണമായി ഇനി മറ്റു വ്യാപാര സ്ഥാപനങ്ങളിലും കച്ചവടം കൂടും.

## സംഘാടകസമിതി രൂപീകരിച്ചു

**ആലപ്പുഴ:** കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന പരമ്പരാഗത വിത്തിനങ്ങളുടെ സംസ്ഥാനതല പ്രദർശനവും കൈമാറ്റവും ഫെബ്രുവരി 22 ,23 , 24 തീയതികളിലായി ചേർത്തല നിയോജകമണ്ഡലത്തിലെ കഞ്ഞിക്കുഴിയിൽ നടക്കും. ഇതിന്റെ ഭാഗമായി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന യോഗത്തിൽ 101 അംഗ സംഘാടകസമിതി രൂപീകരിച്ചു.

കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ,ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ .ജി രാജേശ്വരി, വൈസ് പ്രസിഡൻറ് എൻ .എസ് ശിവപ്രസാദ്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് വി.ജി. മോഹനൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ അഡ്വ. പി.എസ്. ഷാജി, വി. ഉത്തമൻ എന്നിവർ രക്ഷാധികാരികളായും

ഗീതാ കാർത്തികേയൻ (ചെയർമാൻ) സുജ ഈപ്പൻ (ജനറൽ കൺവീനർ) അഡ്വ:എം സന്തോഷ് കുമാർ (കൺവീനർ) എന്നിവർ ഭാരവാഹികളുമായുള്ള സംഘാടകസമിതി രൂപീകരിച്ചു.

കേരള കാർഷിക വില നിർണ്ണയ ബോർഡ് ചെയർമാൻ ചെയർമാൻ രാജശേഖരൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് അഡ്വ. എം സന്തോഷ് കുമാർ അധ്യക്ഷനായി . ജില്ലാ പഞ്ചായത്ത് അംഗം വി ഉത്തമൻ, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുജ ഈപ്പൻ , കൃഷിവകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി അഡ്വ: സി എ അരുൺകുമാർ എന്നിവർ സംസാരിച്ചു.

ചേർത്തല നിയോജക മണ്ഡലത്തിലെ വിവിധ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റിയിലെയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കർഷകർ, കാർഷിക വികസന സമിതി അംഗങ്ങൾ,കുടുംബശ്രീ ഭാരവാഹികൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തി മന്ത്രി ജി.ആർ. അനിൽ

**തിരുവനന്തപുരം:** രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി തിരുവനന്തപുരത്ത് എത്തിയ കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി പ്രഹ്ലാദ് ജോഷിയെ സംസ്ഥാന ഭക്ഷ്യ വകുപ്പ് മന്ത്രി ജി.ആർ. അനിൽ സന്ദർശിച്ചു. സംസ്ഥാന ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട അടിയന്തര ആവശ്യങ്ങൾ കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

മുൻഗണനാ വിഭാഗത്തിൽപ്പെട്ട റേഷൻകാർഡ് ഉടമകളുടെ മസ്റ്ററിംഗ് തീയതി മെയ് 31 വരെ ദീർഘിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടു. 2024 സെപ്റ്റംബർ 18 ന് സംസ്ഥാനത്ത് ആരംഭിച്ച ഇകെ.വൈ.സി മസ്റ്ററിംഗ് നിലവിൽ 90.89 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന അന്തിമ തീയതിയായ മാർച്ച് 31 ന് മുൻപ് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാനത്തിന് പുറത്തു കഴിയുന്ന എല്ലാ ഗുണഭോക്താക്കൾക്കും എത്തിച്ചേർന്ന് മസ്റ്ററിംഗ് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ആവശ്യം അനുഭാവപൂർവം പരിഗണിക്കാമെന്ന് പ്രഹ്ലാദ് ജോഷി അറിയിച്ചു.

റേഷൻ കടകളിൽ ഉപയോഗിച്ചുവരുന്ന ഇപോസ് മെഷീനിലെ ബയോമെട്രിക് സ്കാനർ L0 ക്യാറ്റഗറിയിൽ ഉള്ളതാണ്. ഇത് ഘ1 ലേയ്ക്ക് അപ്ഗ്രേഡ് ചെയ്യണമെന്ന് ഡ്ടകളഅക അറിയിച്ചിട്ടുണ്ട്. അപ്ഗ്രഡേഷൻ കാലാവധി ജൂൺ 30 വരെ ദീർഘിപ്പിക്കണമെന്ന് കേന്ദ്ര മന്ത്രിയോട് ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്.

പൊതുവിതരണ സംവിധാനം മുഖേന ഭക്ഷ്യധാന്യം നൽകുന്നതിന് പകരം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ അനുകൂലമല്ലെന്ന് കേന്ദ്ര മന്ത്രിയെ അറിയിച്ചു. ഈ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ റേഷൻ വ്യാപാരികൾ, ചുമട്ട് തൊഴിലാളികൾ, റേഷൻ വിതരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് ജനവിഭാഗങ്ങളെയെല്ലാം ദോഷകരമായി ബാധിക്കുമെന്നാണ് സംസ്ഥാന സർക്കാരിന്റെ ആശങ്ക. സംസ്ഥാനത്തിന്റെ ആശങ്ക പരിഗണിച്ചു കൊണ്ട് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളുവെന്ന് കേന്ദ്ര മന്ത്രി ഉറപ്പു നൽകി.

## റവന്യു വകുപ്പ് മേഖലാ യോഗങ്ങൾ 28 മുതൽ

**തിരുവനന്തപുരം:** പട്ടയ വിതരണം, ഭൂമിതരംമാറ്റം, ഡിജിറ്റൽ സർവ്വെ പ്രകാരമുള്ള അധികഭൂമിയുടെ നികുതി, എൽആർഎം തുടങ്ങിയവ വേഗത്തിലും കാര്യക്ഷമമായും നിർവഹിക്കാനുള്ള റവന്യൂ വകുപ്പിന്റെ മേഖലാ യോഗങ്ങൾക്ക് ജനുവരി 28ന് തുടക്കമാകും.

ജില്ലാ കളക്ടർമാർ, ഡെപ്യൂട്ടി കളക്ടർമാർ, തഹസിൽദാർമാർ, എൽആർ തഹസിൽദാർമാർ, സർവെ ഡെപ്യൂട്ടി ഡയറക്ടർ, സർവേ സൂപ്രണ്ട്, ജോയിൻറ് ഡയറക്ടർ തുടങ്ങിയവർ പങ്കെടുക്കുന്ന റവന്യൂ മേഖലാ യോഗങ്ങൾ റവന്യൂ മന്ത്രി കെ രാജന്റെ അധ്യക്ഷതയിലാണ് ചേരുന്നത്.

28 ന് തിരുവനന്തപുരത്ത് ഐഎംജിയിൽ നടക്കുന്ന ആദ്യ യോഗത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ഉദ്യോഗസ്ഥർ പങ്കെടുക്കും. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകൾക്കായി 31ന് എറണാകുളത്തും പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകൾക്കായി ഫെബ്രുവരി മൂന്നിന് കോഴിക്കോടും ആണ് മന്ത്രിയുടെ അധ്യക്ഷതയിലുള്ള യോഗങ്ങൾ ചേരുന്നത്.



## ടെൻഡർ

**കൊല്ലം:** കൊല്ലം അർബൻ ഒന്ന് ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിലെ 30 അങ്കണവാടികളിലേക്ക് ഫർണിച്ചർ വിതരണം ചെയ്യാൻ ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി അഞ്ച് ഉച്ചക്ക് ഒന്ന് വരെ ടെൻഡർ സ്വീകരിക്കും. ഫോൺ: 9495689614.

ഇരവിപുരം ജി.വി.എച്ച്.എസ് സ്‌കൂളിലേക്ക് ലാപ്‌ടോപ്പും അനുബന്ധ സാധനങ്ങളും വാങ്ങാൻ ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി ആറ് വൈകീട്ട് നാല് വരെ ടെൻഡർ സ്വീകരിക്കും. വിവരങ്ങൾക്ക് 0474 2723672.

## അഭിമുഖം 28ന്

**കൊല്ലം:** ജില്ലാ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയബിലിറ്റി സെന്ററിൽ സ്വകാര്യ സ്ഥാപനങ്ങളിലെ വിവിധ ഒഴിവുകളിലേക്കായി ജനുവരി 28ന് അഭിമുഖം നടത്തും. പ്ലസ് ടു കഴിഞ്ഞ 18നും 35നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർഥികൾ രാവിലെ 10ന് ആധാർ കാർഡും മൂന്ന് ബയോഡേറ്റയുമായി ജില്ലാ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിൽ എത്തണം. വിവരങ്ങൾക്ക് കൊല്ലം ജില്ലാ എംപ്ലോയബിലിറ്റി സെന്ററുമായി ബന്ധപ്പെടാം. ഫോൺ: 0474 2740615, 8281359930 9400249917.

## സൗജന്യ തൊഴിൽ പരിശീലനം

**കൊല്ലം:** കൊട്ടാരക്കര കനറാ ബാങ്ക് ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന ഫാസ്റ്റ്ഫുഡ് നിർമാണം (10 ദിവസം), ബ്യൂട്ടിപാർലർ മാനേജ്‌മെന്റ് (10 ദിവസം), തേനീച്ച വളർത്തൽ (10 ദിവസം), പപ്പടം അച്ചാർ മസാല പൗഡർ നിർമാണം (10 ദിവസം), ഇൻസ്റ്റലേഷൻ ആൻഡ് സർവീസിങ് ഓഫ് സി.സി.ടി.വി സെക്യൂരിറ്റി അലാറം ആൻഡ് സ്മോക്ക് ഡിറ്റെക്ടർ (13ദിവസം), വസ്ത്ര ചിത്രകല നിർമാണം (30 ദിവസം), കോസ്റ്റ്യൂം ജ്വല്ലറി നിർമാണം (13 ദിവസം), പരിശീലനത്തിന് അപേക്ഷകൾ ക്ഷണിച്ചു. പ്രായപരിധി: 1845 വയസ്. ബി.പി.എൽ വിഭാഗം, കുടുംബശ്രീ, തൊഴിലുറപ്പ് എന്നിവയിലുള്ളവർക്ക് മുൻഗണന. പരിശീലനം, ഭക്ഷണം തുടങ്ങിയവ സൗജന്യമാണ്. വിലാസം: ഡയറക്ടർ, കനറാ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, കെ.ഐ.പി ക്യാമ്പസ്, കൊട്ടിയം പി.ഒ, കൊല്ലം, പിൻ 091571. ഫോൺ: 04742537141.

## പരിശോധന ക്യാമ്പ്

**തിരുവനന്തപുരം:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിൽ ഫെബ്രുവരി 1 രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ മുച്ചുണ്ട്, മുറിയണ്ണാക്ക്, മൂക്കിലൂടെ സംസാരിക്കുക, കുട്ടികളിൽ മൂക്കിലൂടെ പാൽ വരിക എന്നീ അവസ്ഥകൾ നേരിടുന്നവർക്കായി സമഗ്രമായ പരിശോധനാ ക്യാമ്പ് സംഘടിപ്പിക്കും. ശസ്ത്രക്രിയാ വിദഗ്ധർ, തൊറാപ്പിസ്റ്റുകൾ, മനഃശാസ്ത്രജ്ഞർ, ഓഡിയോളജിസ്റ്റുകൾ എന്നിവരുൾപ്പെടെയുള്ള വിദഗ്ധരുടെ സേവനം ക്യാമ്പിൽ ഉണ്ടാകും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ഫോൺ: 04712944622, 04712944648.

## ഡെപ്യൂട്ടേഷൻ നിയമനം

**തിരുവനന്തപുരം:** കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിൽ നിലവിലുള്ള രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ഒഴിവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കപ്പെടുന്നതിന് സമാന തസ്തികയിൽ ജോലി നോക്കുന്ന സർക്കാർ വകുപ്പുകളിലെ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഓഫീസ് മേലധികാരി മുഖേന സമർപ്പിക്കുന്ന ജീവനക്കാരുടെ അപേക്ഷകൾ സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, അഗ്രികൾച്ചറൽ ഹോൾസെയിൽ മാർക്കറ്റ് കോമ്പൗണ്ട്, വെൺപാലവട്ടം, ആനയറ പി.ഒ. എന്ന വിലാസത്തിൽ ജനുവരി 30ന് മുമ്പായി ലഭിക്കണം.



# കോന്നിയിൽ വന്യജീവി ശല്യം നേരിടാൻ മാസ്റ്റർ പ്ലാൻ : സോളാർ ഫെൻസിംഗ് സ്ഥാപിക്കാൻ ആറുകോടി

**കോന്നി:** കോന്നി നിയോജക മണ്ഡലം പരിധിയിൽ വന്യജീവികളിൽ നിന്നുണ്ടാകുന്ന ആക്രമണങ്ങൾ നേരിടുന്നതിന് വിശദമായ മാസ്റ്റർ പ്ലാൻ തയാറാക്കും. ഇതുമായി ബന്ധപ്പെട്ട് ആദ്യഘട്ടമെന്ന നിലയിൽ കോന്നി ആനത്താവളത്തിൽ കെ. യു. ജനീഷ് കുമാർ എംഎൽഎയും ഉന്നത വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം ചേർന്നു.

കോന്നി മണ്ഡലത്തിൽ മാതൃകാപരമായി വന്യജീവി സംഘർഷത്തിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി വിശദമായ മാസ്റ്റർ പ്ലാൻ തയാറാക്കുകയാണ് ലക്ഷ്യം.

കോന്നിയിലെ ഓരോ വനം സ്റ്റേഷനും പ്രത്യേകമായെടുത്ത് അതിന്റെ പരിധിയിലുള്ള മേഖലകളിൽ വന്യ മൃഗങ്ങളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് സുരക്ഷ മാർഗങ്ങൾ സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കും. മണ്ഡലത്തിൽ സ്വകാര്യഭൂമിയും വനഭൂമിയും തമ്മിലുള്ള എല്ലാ അതിർത്തികളും സോളാർ ഫെൻസിംഗ് ഉപയോഗിച്ച് വേർതിരിക്കുന്നതിന് ആറുകോടി രൂപയുടെ അനുമതിയാണ് ലഭിച്ചിരുന്നത്.

പുലി, ആന, കുരങ്ങ്, പന്നി,മലയണ്ണാൻ, പന്നി, പാമ്പ് തുടങ്ങി എല്ലാവിധ വന്യജീവികളുടെയും ശല്യം കോന്നിയിലെ ഒട്ടുമിക്ക പഞ്ചായത്തുകളിലും അനുഭവപ്പെടുന്നുണ്ട്. ചിറ്റാർ, മലയാലപ്പുഴ, കലഞ്ഞൂർ, അരുവാപ്പുലം പഞ്ചായത്തുകളിലാണ് പ്രധാനമായും കാട്ടാനയുടെ ശല്യം ഉള്ളത്. കൂടൽ രാക്ഷസൻ പാറയിൽനിന്നും മൂന്നു പുലികളെ കഴിഞ്ഞയിടെ വനം വകുപ്പ് പിടികൂടിയിരുന്നു.

പുലികൾക്ക് വളരാനുള്ള ആവാസ വ്യവസ്ഥ വനത്തിനു പുറത്ത് സൃഷ്ടിക്കപ്പെടുന്ന സാഹചര്യം ഉള്ളതിനാലാണ് ജന വാസ മേഖലകളിൽ പുലിയെ കാണുന്നതെന്ന് യോഗം നിരീക്ഷിച്ചു. ജനവാസ മേഖലകളിൽ സ്വകാര്യഭൂമികളിലും റവന്യൂ ഭൂമിയിലും വന്യമൃഗങ്ങൾക്ക് ആവാസ വ്യവസ്ഥ സൃഷ്ടിക്കപ്പെടുന്ന തരത്തിലുള്ള കാട് വളർന്നുനിൽക്കുന്നത് തദ്ദേശ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട തുടർ നടപടികൾക്കായി ജില്ലാ കളക്ടർ, വനം വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് പ്രതിനിധികൾ എന്നിവരുടെ രണ്ടാംഘട്ട യോഗം വിളിച്ചു ചേർക്കും.

അതിനുമുമ്പ് വനം വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസിലാക്കി അവിടെ സ്വീകരിക്കേണ്ട സുരക്ഷ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

നിലവിൽ പാടം, പൂമരുതിക്കുഴി, തട്ടാക്കുടി, കല്ലേലി മണ്ണീറ തുടങ്ങിയ ഭാഗങ്ങളിൽ സൗരോർജ തൂക്കുവേലികളുടെ നിർമാണം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള സൗരോർജ വേലികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനും തീരുമാനമായി.

ചിറ്റാറിൽ എംഎൽഎ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ച് സോളാർ വേലിയുടെ നിർമാണം പുരോഗമിക്കുകയാണ്. വന്യജീവി സംഘർഷങ്ങളിൽനിന്ന് ശാസ്ത്രീയമായ രീതികൾ ഉപയോഗിച്ച് പരിഹാരം കാണുന്നതിന് മാതൃക നടപടികൾ കോന്നിയിൽ ആവിഷ്കരിക്കുമെന്ന് എംഎൽഎ പറഞ്ഞു.

ചീഫ് വൈൽഡ് ലൈഫ് വാർഡൻ പ്രമോദ് കൃഷ്ണൻ, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആർ. കമലാഹർ, കോന്നി ഡിഎഫ്ഒ ആയുഷ് കുമാർ കോറി, പുനലൂർ ഡിഎഫ്ഒ ജയശങ്കർ, തെന്മല ഡിഎഫ്ഒ ഷാനവാസ്, റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാർ, മറ്റു വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കെഎസ്ആർടിസി ടെർമിനൽ നിർമാണം : ഊരാളുങ്കൽ സൊസൈറ്റിക്ക് സ്ഥലം കൈമാറും

**ചങ്ങനാശേരി:** ചങ്ങനാശേരി കെഎസ്ആർടിസി ടെർമിനൽ നിർമാണം തുടങ്ങുന്നതിന് മുന്നോടിയായി ജോബ് മൈക്കിൾ എംഎൽഎയുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തി. നിർമാണ കരാർ ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് സ്ഥലം കൈമാറേണ്ടതിൻ്റെ ഭാഗമായാണ് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയത്.

6.23 കോടി രൂപയ്ക്കാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി നിർമാണം ഏറ്റെടുത്തിരിക്കുന്നത്. ഒരു വർഷമാണ് നിർമാണ കാലാവധി നൽകിയിരിക്കുന്നത്. നിർമാണത്തിനായി ഉടനെ സ്റ്റാൻഡ് അടയ്ക്കാനാണ് തീരുമാനം.മുനിസിപ്പൽ ചെയർപേഴ്സൺ കൃഷ്ണകുമാരി രാജശേഖരൻ, മുൻസിപ്പൽ വൈസ്ചെയർമാൻ മാത്യൂസ് ജോർജ്, പിഡബ്ല്യുഡി ബിൽഡിംഗ് ഉന്നത ഉദ്യോഗസ്ഥന്മാർ, കെഎസ്ആർടിസിയുടെ ഉന്നത ഉദ്യോഗസ്ഥന്മാർ, പോലീസ് ഉദ്യോഗസ്ഥന്മാർ, ഊരാളുങ്കൽ ലേബർ സൊസൈറ്റിയുടെ ഉദ്യോഗസ്ഥന്മാർ, മുനിസിപ്പൽ അധികാരികൾ എന്നിവർ ഒപ്പമുണ്ടായിരുന്നു.ടെർമിനൽ നിർമാണം നടക്കുമ്പോൾ തിരുവനന്തപുരം ഭാഗത്തു നിന്നും എത്തുന്ന ബസുകൾ പെരുന്ന ബസ് സ്റ്റാൻഡിന് എതിർവശത്ത് അനുഅഭിനയ തിയറ്ററിനു മുന്നിലും നിർമാണം നടക്കുന്ന ബസ് സ്റ്റാൻഡിനു മുന്പിലും നിർത്തും. കോട്ടയം ഭാഗത്തുനിന്നു വരുന്ന ബസുകൾ നഗരസഭയുടെ മുന്പിൽ ടാക്സി സ്റ്റാൻഡിനോട് ചേർന്നാകും നിർത്തുക.നിർമാണം നടക്കുന്ന സമയത്തു കെഎസ് ആർടിസി ബസുകളുടെ ഓപ്പറേഷൻ പൂർണമായും പെരുന്ന നമ്പർ 2 ബസ് സ്റ്റാൻഡിൽ നിന്നുമായിരിക്കും നിയന്ത്രിക്കുക. രാത്രികാലങ്ങളിൽ മുനിസിപ്പൽ പാർക്കിനോടു ചേർന്നുള്ള നഗരസഭയുടെ സ്ഥലത്തും ബൈപാസിലും ബസുകൾ പാർക്ക് ചെയ്യും.

# ഹോമിയോ ആശുപത്രികളിൽ നിരവധി ഒഴിവുകൾ

**തൊടുപുഴ:** ഇടുക്കി ജില്ലയിലെ വിവിധ ഹോമിയോ ആശുപത്രികളിൽ ഒഴിവുള്ള മെഡിക്കൽ ഓഫീസർ , ലാബ് അറ്റൻഡർ , അറ്റൻഡർ തസ്തികകളിലേക്ക് ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചു.

മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് ബി.എച്ച്.എം.എസ്./ഗ്രേഡഡ് ഡിഗ്രിയുള്ളവർക്ക് അപേക്ഷിക്കാം . പി.ജി ഉള്ളവർക്ക് മുൻഗണന ലഭിക്കും. നിശ്ചിതയോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ ഡി.എച്ച്.എം.എസ് ഡിഗ്രിക്കാരേയും പരിഗണിക്കും.

ലാബ് അറ്റൻഡർ തസ്തികയിലേക്ക് വി എച്ച് എസ് സി എംഎൽറ്റി കോഴ്സ് പാസായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

അറ്റൻഡർ തസ്തികയിലേയ്ക്ക് എസ്.എസ്.എൽ.സി. പാസായതും, ഏതെങ്കിലും ഹോമിയോപ്പതി എ ക്ലാസ് പ്രാക്ടീഷണറുടെ കീഴിൽ 3 വർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്കും അപേക്ഷിക്കാം.

മെഡിക്കൽ ഓഫീസർമാരുടെ വാക്ക് ഇൻ ഇന്റർവ്യൂ ഫെബ്രുവരി 6 രാവിലെ 10.30 നും അറ്റൻഡർ തസ്തികയിലേക്ക് ഫെബ്രുവരി 6 രാവിലെ 10.30 നും ലാബ് അറ്റൻഡർ തസ്തികയിലേയ്ക്ക് അതേ ദിവസം ഉച്ചയ്ക്ക് 12 നും വാക്ക് ഇൻ ഇന്റർവ്യൂ നടക്കും.

ഉദ്യോഗാർത്ഥികൾ വയസ് , തിരിച്ചറിയൽരേഖ, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡും പകർപ്പുകളുമായി തൊടുപുഴ തരണിയിൽ ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ എത്തണം. കൂടുതൽ വിവരങ്ങൾക്ക് 04862 227326).

## ക്ളിനിക്കൽ സൈക്കോളജി കൗൺസിലർ നിയമനം

**തിരുവനന്തപുരം:** കേരള ഫിഷറീസ് വകുപ്പിന്റെ കീഴിൽ റസിഡൻഷ്യൽ രീതിയിൽ ഒൻപത് തീരദേശ ജില്ലകളിലായി പ്രവർത്തിച്ചു വരുന്ന 10 ജി.ആർ.എഫ്.ടി.എച്ച്.എസ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മാനസിക ആരോഗ്യം വികസിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനുമായി താഴെ പറയുന്ന യോഗ്യതയും അനുഭവ സമ്പത്തുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.

യോഗ്യത പ്രായം 25 -45. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കൗൺസിലിംഗ് അല്ലെങ്കിൽ ക്ലിനിക്കൽ സൈക്കോളജി അല്ലെങ്കിൽ എം.എസ്.ഡബ്ലിയു (മെഡിക്കൽ ആന്റ് സൈക്യാട്രി), സർക്കാർ മേഖലയിൽ കൗൺസിലിംഗ് നടത്തിയിട്ടുള്ള മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം, മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും മേഖലയിൽ നിന്നുള്ളവർക്കും മുൻഗണന.

രണ്ട് സമീപ ജില്ലകൾക്ക് ഒരു കൗൺസിലർ എന്ന തരത്തിലാണ് നിയമനം. സ്കൂൾ പ്രവൃത്തി ദിനങ്ങളിലും സ്കൂൾ അവധി സമയത്തും ഓൺലൈൻ ഭവന സന്ദർശനം, ക്യാമ്പുകൾ എന്നിവ ഉൾപ്പെടെ സംഘടിപ്പിച്ച് കൗൺസിലിംഗ് നൽകുന്നതിന് കൗൺസിലർ തയ്യാറായിരിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 27.

അപേക്ഷകൾ ഡയറക്ടർ ഓഫ് ഫിഷറീസ്, 4 വേ ഫ്ളോർ, വികാസ് ഭവൻ (പി.ഒ) എന്ന വിലാസത്തിലേക്ക് അയക്കണം. https://fisheries.kerala.gov.in. ഫോൺ 04712305042.



# മാനസിക സൗഖ്യത്തിന് ഇതാ ചില ദിനചര്യകൾ



**ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കൊച്ചി പ്രയത്ന**
സീനിയർ ഒക്യുപേഷണൽ തെറാപ്പിസ്റ്റ്

ദിവസങ്ങളും മാസങ്ങളും വർഷങ്ങളുമെല്ലാം അതിവേഗം ഓടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ വേഗത്തിനൊപ്പം എത്താനുള്ള ഓട്ടത്തിലാണ് നാമോരോരുത്തരും. എന്നാൽ, ഓടി ജയിക്കാനുള്ള തിരക്കിൽ നാം മറന്നു പോകുന്ന ഒന്നുണ്ട്, നമ്മുടെ മാനസികാരോഗ്യം. സന്തോഷകരവും ആരോഗ്യകരവുമായ ജീവിതത്തിന് ശാരീരികാരോഗ്യം പോലെ പ്രധാനമാണ് മാനസികാരോഗ്യവും. അതിന് മാനസിക സമ്മർദ്ദങ്ങളെ നിയന്ത്രിക്കാനും വൈകാരിക സന്തുലിതാവസ്ഥ നിലനിറുത്താനും നാം അറിഞ്ഞിരിക്കണം. ഒപ്പം ഉള്ളുകൊണ്ട് ശക്തരായിരിക്കുകയും വേണം. അധിക സമയം മാറ്റി വയ്ക്കാതെ തന്നെ, ചില കാര്യങ്ങൾ നമ്മുടെ ദിനചര്യയുടെ ഭാഗമാക്കിയാൽ തന്നെ മാനസികാരോഗ്യവും സൗഖ്യവും നമുക്ക് കൈപ്പിടിയിലൊതുക്കാം. അത്തരം ചില ശീലങ്ങളെന്തൊക്കെയെന്ന് അറിയാം.

**നന്ദി പറഞ്ഞു ദിനത്തിന് തുടക്കമിടാം**

ജീവിതത്തിലെ നല്ല കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചു കൊണ്ട് ഒരു ദിവസത്തിന് തുടക്കമിടാം. ജോലിയോ, കുടുംബമോ, ആരോഗ്യമോ എന്തുമാകട്ടെ, നിങ്ങൾക്ക് ലഭിച്ചതിൽ നന്ദി പറയാം. എന്തിന് ഒരു കപ്പ് ചൂടുകാപ്പി കുടിക്കുന്നതുപോലുള്ള കുഞ്ഞുസന്തോഷം പോലും ഇത്തരം നന്ദി പറച്ചിലിന് ഒരു കാരണമാകാം. നമുക്ക് ഇല്ലാത്തതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം, മനസിൽ സമൃദ്ധിയും സംതൃപ്തിയും നിറയ്ക്കാൻ ജീവിതത്തിൽ കടപ്പെട്ടിരിക്കുന്ന മൂന്നുകാര്യങ്ങൾ എഴുതിക്കൊണ്ട് ഒരു ദിവസം ആരംഭിക്കാം.

**ഏകാഗ്രതയും ധ്യാനവും ശീലമാക്കാം**

മനസിനെ ഒരു കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ശീലിപ്പിക്കുന്നത് വഴി ഉത്കണ്ഠ കുറയ്ക്കാനും ഇപ്പോഴുള്ളതിൽ സംതൃപ്തരാകാനും സാധിക്കും. വികാരങ്ങളെ നിയന്ത്രിക്കാനും മാനസികസമ്മർദ്ദം കുറയ്ക്കാനും മനസിനെ പ്രസന്നമാക്കാനും 5 മിനിട്ടെങ്കിലുമുള്ള ധ്യാനത്തിലൂടെ സാധിക്കും. കാം, ഹെഡ്സ്പേസ് പോലുള്ള ആപ്ളിക്കേഷനുകൾ തുടക്കക്കാരെ ഇതിനായി സഹായിക്കും.

**ശാരീരികമായി ഊർജസ്വലരായിരിക്കുക**

മാനസികവും ശാരീരികവുമായ സൗഖ്യം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ചെറിയ നടത്തമോ സ്ട്രെച്ചിംഗോ പോലും ശരീരത്തിൽ നിന്ന് ഫീൽഗുഡ് ഹോർമോണായ എൻഡോർഫിൻസ് പുറപ്പെടുവിക്കും. അത് നമ്മുടെ മാനസികനില മെച്ചപ്പെടുത്തുകയും ഉത്കണ്ഠകൾ കുറയ്ക്കുകയും, ദിനം മുഴുവൻ ആവശ്യമായ ഊർജം നൽകുകയും ചെയ്യും. ദിവസവും കുറഞ്ഞത് 30 മിനിട്ടെങ്കിലും ചിട്ടയായ വ്യായാമത്തിനായി മാറ്റിവയ്ക്കാം.

**മതിയായ ഉറക്കം**

ഉറക്കം പൂർണമായില്ലെങ്കിൽ നമുക്ക് മുൻകോപം ഉണ്ടാകാം, തീരുമാനങ്ങൾ എടുക്കുന്നതിൽ വീഴ്ചയുണ്ടാകാം, ഒരു കാര്യത്തിൽ ശ്രദ്ധിക്കുന്നതിനുള്ള കഴിവില്ലാതാവാം. രാത്രി നല്ല ഉറക്കം ലഭ്യമാകാൻ ഉറക്കത്തിനായി കൃത്യമായ പാറ്റേൺ ഉണ്ടാക്കിയെടുക്കാം. വീട് കൂടുതൽ സമാധാനമുള്ള ഇടമാക്കാം. ഉറങ്ങാൻ പോകുന്നതിന് മുമ്പ് ശാന്തമാകാനുള്ള വ്യായാമം ശീലമാക്കാം. മുതിർന്ന ഒരു വ്യക്തിക്ക് അവരിലെ ഏറ്റവും മികച്ച കഴിവുകൾ പുറത്തെടുക്കാൻ 7 മുതൽ9 മണിക്കൂർ നീളുന്ന ഉറക്കം ആവശ്യമാണ്.

**നല്ല ബന്ധം വളർത്തിയെടുക്കുക**

നല്ല മാനസികാരോഗ്യത്തിനായി ഏറ്റവും പ്രധാനമാണ് നല്ല ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നത്. സുഹൃത്തുക്കളോടോ, കുടുംബത്തോടോ അടുപ്പം ഉണ്ടാക്കിയെടുക്കുക പ്രധാനമാണ്. ഒരു പരിപാടിയിൽ പങ്കെടുക്കുന്നതുപോലും പുതിയ ബന്ധങ്ങൾ വളർത്താൻ സഹായിക്കും. ഒറ്റപ്പെടൽ തോന്നുകയാണെങ്കിൽ ഓൺലൈനായോ അല്ലാതെയോ ഒരു ഗ്രൂപ്പിൽ ചേർന്ന് അതിലുള്ള പരിപാടികളിൽ പങ്കെടുക്കാം. ഇത്തരത്തിലുള്ള ബന്ധങ്ങൾ നമുക്ക് വൈകാരികമായ പിന്തുണയേകുന്നതിനൊപ്പം നമ്മുടെ മാനസികോല്ലാസത്തെ ഉയർത്തുകയും ചെയ്യും.

**അതിർവരമ്പ് നിശ്ചയിക്കാം**

ജോലിയും ജീവിതവും കൂടിക്കുഴഞ്ഞിരിക്കുന്ന ഇന്നത്തെ കാലത്ത് കൃത്യമായ അതിർവരമ്പ് നിശ്ചയിക്കുക എന്നത് പ്രധാനമാണ്. ഒരു സമയത്തിന് ശേഷം ജോലി സംബന്ധമായ കാര്യങ്ങൾ ചെയ്യുന്നത് ഒഴിവാക്കുക, കൃത്യമായ ഇടവേളകളെടുക്കുക, ആവശ്യമുള്ളിടത്ത് നോ പറയാൻ പഠിക്കുക. മാനസികസമ്മർദ്ദം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ്. ഉദാഹരണത്തിന് പേശികൾക്ക് അയവുവരുത്തുന്ന വ്യായാമങ്ങൾ, ശ്വസനവ്യായാമങ്ങൾ, അല്ലെങ്കിൽ നിങ്ങൾക്കിഷ്ടപ്പെട്ട എന്തെങ്കിലും ഹോബി എന്നിങ്ങനെ.

**സർഗശേഷി വളർത്താം**

ചിത്രംവരയ്ക്കുക, എഴുതുക, സംഗീതോപകരണങ്ങൾ വായിക്കുക, എന്നിങ്ങനെ ക്രിയേറ്റീവ് ആയ കാര്യങ്ങൾ മാനസികസൗഖ്യമേകുന്നവയാണ്. ഇഷ്ടമുള്ള ഹോബി ചെയ്യുന്നത് സർഗശേഷി കൂട്ടുന്നതിനൊപ്പം, ജീവിതം അർത്ഥപൂർണമായെന്ന തോന്നൽ വരുത്തും. വികാരങ്ങളെ നിയന്ത്രിക്കാൻ സഹായിക്കും. സ്വയം പ്രോത്സാഹിപ്പിക്കാനായി ആഴ്ചയിൽ ഒരുദിവസം ഒരു നിശ്ചിതസമയം ഇത്തരം ഹോബികൾക്കായി മാറ്റി വയ്ക്കാം.

**പോസറ്റീവ് കാര്യങ്ങൾ പറഞ്ഞുശീലിക്കാം**

നിങ്ങളുടെ ഉള്ളം പറയുന്നതാണ് നിങ്ങളുടെ മനസ്. പോസറ്റീവ് കാര്യങ്ങൾ ഉറപ്പിച്ച് പറയുന്നത് ശീലമാക്കാം. അത് മനസിലെ നെഗറ്റീവ് ആശയങ്ങളെ ഇല്ലാതാക്കും. നിങ്ങൾ മോശമായത് എന്തെങ്കിലും ചിന്തിക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടാലുടൻ അത് നിറുത്തുക. ആ ആശയത്തെ ചോദ്യം ചെയ്ത് അൽപം കൂടി സെൻസിബിൾ ആയ എന്തെങ്കിലും കാര്യം കൊണ്ട് ആ ചിന്തയെ മാറ്റുക.

**ആവശ്യമെങ്കിൽ സഹായം തേടാം**

മാനസികമായ ബുദ്ധിമുട്ടുകൾക്ക് ചികിത്സ തേടുന്നത് ഒരിക്കലും ദൗർബല്യത്തിന്റെ ലക്ഷണമല്ല. ഒരു മാനസികാരോഗ്യ വിദഗ്ദ്ധനോട് സംസാരിക്കുന്നതും തെറാപ്പിയോ കൗൺസിലിംഗോ സ്വീകരിക്കുന്നതും വൈകാരികമായ പിന്തുണയിലൂടെയും കൃത്യമായ മാർഗങ്ങളിലൂടെയും നിങ്ങളുടെ ചിന്തകളെ തൃപ്തികരമായി നേരിടാൻ പരിശീലിപ്പിക്കും.

**സ്നേഹസമ്പന്നരാകാം**

നിങ്ങളുടെ സമയത്തിന്റെ അൽപം മറ്റുള്ളവർക്കായി മാറ്റിവച്ചുതുടങ്ങൂ. ഒരു ഹോട്ടലിൽ നിന്ന് പുറത്തേക്കിറങ്ങുമ്പോൾ തൊട്ടുപുറകെ വരുന്നവന് വേണ്ടി വാതിൽ തുറന്നുകൊടുക്കുന്നതു പോലുള്ള വളരെ ചെറിയ പ്രവൃത്തി പോലും അത് സ്വീകരിക്കുന്നവനെ പോലെ നിങ്ങളുടെ മനസ്സിനും സന്തോഷം ഉണ്ടാക്കും. ലവ് ഹോർമോൺ എന്നറിയപ്പെടുന്ന ഓക്സിടോസിൻ എന്ന ഹോർമോൺ ഉത്പാദിപ്പിക്കപ്പെടുന്നതാണ് കാരണം. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കരുതൽ കാണിക്കുന്നതുമായ ശീലങ്ങളിലൂടെ നിങ്ങൾക്ക് ലോകത്തെക്കുറിച്ചും നിങ്ങളെക്കുറിച്ചുമുള്ള കാഴ്ചപ്പാട് മാറ്റാം.

**സ്ക്രീൻടൈം കുറയ്ക്കാം**

അമിതമായ സ്ക്രീനിന്റെ ഉപയോഗം, പ്രത്യേകിച്ച് സോഷ്യൽമീഡിയ നിങ്ങളുടെ മാനസികാരോഗ്യത്തെ മോശമായി ബാധിക്കുകയും മാനസികസമ്മർദ്ദത്തിലേക്ക് നയിക്കുകയും ചെയ്തേക്കാം. സ്ക്രീൻടൈം കുറയ്ക്കാനുള്ള മാർഗങ്ങൾ സ്വീകരിക്കുക. ഓൺലൈൻ, ഓഫ്ലൈൻ പ്രവർത്തനങ്ങളിൽ തുല്യതയുണ്ടാക്കുന്നത് നിങ്ങളെ സ്വാസ്ഥ്യരാക്കുക മാത്രമല്ല, ചിന്തകളിൽ വ്യക്തത വരുത്തുകയും ചെയ്യുന്നു.

**തെറ്റുകൾ ഉൾക്കൊള്ളാൻ പഠിക്കാം**

പെർഫെക്ട് ആ വാക്കാണ് ജീവിതം എന്നു കരുതേണ്ട. പൂർണതയ്ക്കായി ശ്രമിക്കുന്നതിന് പകരം പുരോഗതിയിൽ ശ്രദ്ധിക്കൂ. തെറ്റുകുറ്റങ്ങൾ സാധാരണമാണെന്ന് തിരിച്ചറിയൂ. ജീവിതത്തെ പോസിറ്റീവായി കാണാനുള്ള ഒരു രഹസ്യം സ്വയം അനുകമ്പയുള്ളവരാകുകയും മുൻ തെറ്റുകൾ ക്ഷമിക്കാൻ പഠിക്കുകയും ചെയ്യുക എന്നതാണ്.






# പുതിയ വൈറൽ പകർച്ചവ്യാധികൾ പകരുന്നത് കൂടുതലും മൃഗങ്ങളിൽ നിന്ന് : ഡോ സൗമ്യ സ്വാമിനാഥൻ

**കൊച്ചി:** പുതുതായി വരുന്ന വൈറൽ പകർച്ചവ്യാധികൾ കൂടുതലും മൃഗങ്ങളിൽ നിന്നും പകരുന്നതാണെന്ന് ലോക ആരോഗ്യ സംഘടന (ഡബ്ല്യു എച്ച് ഒ) മുൻ ചീഫ് സയന്റിസ്റ്റ് ഡോ സൗമ്യ സ്വാമിനാഥൻ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ചടങ്ങിൽ വേമ്പനാട്ട് കായലിലെ ജലഗുണനിലവാരം, ജലജന്യ പകർച്ചവ്യാധികൾ സംബന്ധിച്ച ഗവേഷണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച വിവിധ സംരംഭങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അവർ.കാലാവസ്ഥാവ്യതിയാനവും പോഷകസമൃദ്ധമല്ലാത്ത ഭക്ഷണശീലങ്ങളും വരുത്തിവെക്കുന്ന ആരോഗ്യപ്രശ്നങ്ങളും അവർ ഉയർത്തിക്കാട്ടി.ഇന്നത്തെ മിക്ക ആരോഗ്യ ഭീഷണികളും പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്ന് ഉൽഭവിക്കുന്നതാണ്.

അതിനാൽ ഇന്ത്യയിൽ ഒരു പരിസ്ഥിതി ആരോഗ്യ നിയന്ത്രണ ഏജൻസി സ്ഥാപിക്കണമെന്ന് അവർ നിർദേശിച്ചു.അസന്തുലിതമായ ഭക്ഷണരീതി രാജ്യത്തെ പ്രധാനആരോഗ്യ ഭീഷണികളിലൊന്നാണ്. പോഷകാഹാരക്കുറവ്, വിളർച്ച, സൂക്ഷ്മ പോഷക അപര്യാപ്തതകൾ തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോഴും നിനിൽക്കുന്നുണ്ട്. എന്നാൽ, ജനസംഖ്യയിൽ പകുതിയോളം ഇന്ത്യക്കാരും ആവശ്യമായ പോഷകാഹാരം കഴിക്കാനുള്ള ശേഷിയില്ലാത്തവരാണ്.ഭക്ഷണശീലം ആരോഗ്യകരമല്ലാത്തതിനാൽ, പൊണ്ണത്തടി, ജീവിതശൈലീ രോഗങ്ങൾ എന്നിവ കേരളത്തിലും തമിഴ്നാട്ടിലും വർധിച്ചുവരികയാണ്. മാറിവരുന്ന ശീലങ്ങൾ കാരണം, സംസ്കരിച്ചതും ഉർന്ന അളവിൽ കൊഴുപ്പ്, പഞ്ചസാര, ഉപ്പ് അടങ്ങിയതുമായ ഭക്ഷണങ്ങൾക്കാണ് പ്രിയം. ധാരാളം അന്നജവും വളരെ കുറഞ്ഞ ഭക്ഷണ വൈവിധ്യവുമെന്നതാണ് സ്ഥിതി. പോഷകാഹാരം മെച്ചപ്പെടുത്തുന്നതിന് ആരോഗ്യകരമായ ഭക്ഷണമെന്ന നിലയിൽ സമുദ്രവിഭവങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. എന്നാൽ, ഈ വിഭവങ്ങൾ ഇനിയും പൂർണമായി വിനിയോഗിച്ചിട്ടില്ല.കാലാവസ്ഥാവ്യതിയാനം കാരണം ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പ്രളയം, വരൾച്ച, ചുഴലിക്കാറ്റുകൾ, കൊടും ചൂട് തുടങ്ങിയ കാലാവസ്ഥാ അപകടങ്ങളിൽ ഒന്നെങ്കിലും രാജ്യത്തെ മിക്കവാറും മുഴുവൻ ജനങ്ങളെയും ബാധിക്കുന്നുണ്ടെന്നും അവർ പറഞ്ഞു. കായലിലെ വെള്ളത്തിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനുള്ള വാട്ടർ ക്ലിനിക്, ശുചിത്വരീതികളെ കുറിച്ചുള്ള സർവേ നടത്തുന്നതിനാവശ്യമായ ക്ലെൻസ് ആപ്, ജലത്തിന്റെ ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട് ഗവേഷകരെയും പൊതുജനങ്ങളെയും ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യമായ അക്വാഡിപ് ആപ്പ്, തീരമേഖലയിലെ ജലജന്യരോഗങ്ങളുമായി ബന്ധപ്പെട്ട ഡേറ്റബേസ് എന്നിവ ഡോ സൗമ്യ സ്വാമിനാഥൻ പുറത്തിറക്കി. ചടങ്ങിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. ഡോ കാജൽ ചക്രവർത്തി, ഡോ വി വി ആർ സുരേഷ് എന്നിവർ സംസാരിച്ചു.

# സംസ്ഥാനത്തെ അപൂർവ രോഗബാധിതരുടെ ഡേറ്റ രജിസ്ട്രി ഈ വർഷം യാഥാർത്ഥ്യമാകും: മന്ത്രി വീണാ ജോർജ്

## കോഴിക്കോട് ഈ വർഷം അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്ത് അപൂർവ രോഗം ബാധിച്ചവരുടെ ഡേറ്റ രജിസ്ട്രി ഈ വർഷം യാഥാർത്ഥ്യമാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അപൂർവ രോഗങ്ങൾ പ്രതിരോധിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. കോഴിക്കോട് ഈ വർഷം അപൂർവ രോഗ ചികിത്സാ ക്ലിനിക് ആരംഭിക്കും. കുഞ്ഞുങ്ങളെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തി വരുന്നത്. നിലവിൽ എസ്എംഎ ബാധിതരായ കുഞ്ഞുങ്ങൾക്ക് ചികിത്സ നൽകി വരുന്നതിൽ 90 ശതമാനത്തിൽ കൂടുതൽ സർവൈവൽ റേറ്റുള്ളതായും മന്ത്രി വ്യക്തമാക്കി. മസ്കറ്റ് ഹോട്ടലിൽ നടന്ന അപൂർവ രോഗ ചികിത്സാ വിദഗ്ധരുടെ ശിൽപശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ജന്മനായുള്ള വൈകല്യങ്ങൾ കണ്ടെത്തി കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അപൂർവ രോഗ പരിചരണ മേഖലയിൽ പുത്തൻ ചുവടുവയ്പ്പാണ് കേരളം നടത്തുന്നത്. 2024 ഫെബ്രുവരി മാസമാണ് അപൂർവ രോഗങ്ങൾക്കായി സംസ്ഥാന സർക്കാർ കെയർ പദ്ധതി ആരംഭിച്ചത്. 2024ലാണ് എസ്.എ.ടി. ആശുപത്രിയിൽ അപൂർവ രോഗങ്ങൾക്കുള്ള എൻസൈം റീപ്ലേസ്മെന്റ് തെറാപ്പി ആരംഭിച്ചത്. ഇപ്പോൾ 106 രോഗികൾക്ക് വിലയേറിയ ചികിത്സ നൽകി വരുന്നു. ശലഭം പദ്ധതിയിലൂടെ കുഞ്ഞുങ്ങളുടെ വൈകല്യങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗങ്ങൾ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്ന ഹൃദ്യം പദ്ധതിയിലൂടെ 7916 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തി. എസ്എടി ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസാക്കി.

ഏറ്റവും കുറവ് ശിശുമരണ നിരക്കുള്ള സംസ്ഥാനമാണ് കേരളം. സ്ത്രീകളുടെ വിദ്യാഭ്യാസം, പൊതുജനാരോഗ്യ വികസനം, ആരോഗ്യ പ്രവർത്തകരുടെ ആത്മാർത്ഥത, നവോത്ഥാന മുന്നേറ്റം എന്നിവ കാരണം ആരോഗ്യ രംഗത്ത് ഏറെ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലിനറ്റ് മോറിസ്, അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് നോഡൽ ഓഫീസർ ഡോ. ശങ്കർ, വിവിധ വിഭാഗം മേധാവികൾ, കേന്ദ്ര പ്രതിനിധി ഡോ. അസ്ത എന്നിവർ പങ്കെടുത്തു. കേരളത്തിലെ മെഡിക്കൽ കോളേജ് ഡോക്ടർമാരടക്കം ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, പീഡിയാട്രീഷ്യൻമാർ എന്നിവർക്ക് വേണ്ടിയാണ് ഏകദിന ശിൽപശാല നടത്തിയത്.




**ഫെഡറൽ ബാങ്ക് കോഴിക്കോട് റീജിയണൽ മേധാവി ജോസ് മോൻ പി ഡേവിഡ് ഇ സന്തോഷ് കുമാറിന് പുരസ്കാരം സമ്മാനിക്കുന്നു. ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ബിന്ദു എം , എഴുത്തുകാരായ വി ജെ ജെയിംസ്, ബെന്യാമിൻ എന്നിവർ സമീപം**

# ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ഇ. സന്തോഷ് കുമാറിന്

**കോഴിക്കോട്:** മൂന്നാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം ഇ സന്തോഷ് കുമാറിന്. തപോമയിയുടെ അച്ഛൻ എന്ന നോവലാണ് പുരസ്കാരത്തിന് അർഹമായത്. ഒരു ലക്ഷം രൂപയും ശിൽപ്പവും അടങ്ങുന്നതാണ് പുരസ്കാരം. കോഴിക്കോട് ബീച്ചിൽ നടന്നുവരുന്ന കേരള ലിറ്ററേചർ ഫെസ്റ്റിവൽ വേദിയിൽ ബാങ്കിന്റെ കോഴിക്കോട് റീജിയണൽ മേധാവിയും വൈസ് പ്രസിഡന്റുമായ ജോസ് മോൻ പി ഡേവിഡ് പുരസ്കാരം സമ്മാനിച്ചു. എഴുത്തുകാരൻ വി ജെ ജെയിംസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

'ഫെഡറൽ ബാങ്കിന്റെ ഈ വർഷത്തെ സാഹിത്യ പുരസ്കാരം ലഭിച്ചതിൽ അതിയായ സന്തോഷമുണ്ട്. സമകാലിക അഭയാർത്ഥി പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള വ്യത്യസ്തമായ മൂന്നു പ്രമേയങ്ങളാണ് നേവൽ പ്രതിപാദിച്ചത്. അതിനാൽ തന്നെ നോവലെഴുത്ത് വെല്ലുവിളി നിറഞ്ഞതായിരുന്നു. ആ വെല്ലുവിളി വളരെ വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞു എന്നതാണ്, നോവലിന് ലഭിക്കുന്ന ഓരോ പുരസ്കാരവും തെളിയിക്കുന്നത്.' ഈ സന്തോഷ് കുമാർ പറഞ്ഞു. ബെന്യാമിൻ, ഇ വി ഫാത്തിമ, രാഹുൽ രാധാകൃഷ്ണൻ എന്നിവരടങ്ങിയ സമിതിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്. ബാങ്കിന്റെ ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് ബിന്ദു എം നന്ദി പ്രകാശിപ്പിച്ചു.

# അസിസ്റ്റൻറ് പ്രൊഫസർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സെൻറർ ഫോർ ഇൻറഗ്രേറ്റഡ് സ്റ്റഡീസിലെ ഫോറൻസിക് സയൻസിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസറെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഫോറൻസിക് സയൻസിൽ മാസ്റ്റർ ബിരുദം, കുറഞ്ഞത് 55% മാർക്ക് (അഥവാ ഗ്രേഡിങ് സിസ്റ്റം നിലവിലുള്ളിടത്ത് സമാനമായ ഗ്രേഡ്).

സിഎസ്ഐആർ, യുജിസി നടത്തുന്ന നെറ്റ് ഉണ്ടായിരിക്കണം. യുജിസി റെഗുലേഷൻ 2018 പ്രകാരം ജവ.ഉ ഉള്ളവർക്ക് നെറ്റ് യോഗ്യത ബാധകമല്ല. ഫോറൻസിക് സയൻസിൽ ഒരു വർഷത്തെ അധ്യാപന/ഗവേഷണ/ലാബോറട്ടറി പ്രവൃത്തിപരിചയം, ജവ.ഉ എന്നിവ അഭികാമ്യം. അപേക്ഷ ഫോം സർവകലാശാല വെബ്സൈറ്റിൽ recruit.cusat.ac.in ലഭ്യമാണ്.

ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 14. അപേക്ഷയുടെ ഹാർഡ് കോപ്പിയും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾ അടങ്ങിയ രേഖകളും, രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി 682 022എന്ന വിലാസത്തിൽ, ഫെബ്രുവരി 21 നുള്ളിൽ ലഭിക്കണം. അപേക്ഷ ഓൺലൈനിൽ സമർപ്പിച്ചതിന് ശേഷം അതിന്റെ ഹാർഡ് കോപ്പി എല്ലാ അനുബന്ധ രേഖകളോടെ നിർദ്ദിഷ്ട വിലാസത്തിൽ സമർപ്പിക്കേണ്ടതുണ്ട്. കാലാവധിക്കു ശേഷമുള്ള അപേക്ഷകൾ പരിഗണിക്കില്ല. അപേക്ഷയിൽ ഉന്നയിച്ച കാര്യങ്ങൾക്കായി പൂർണ്ണമായ തെളിവുകൾ ഒപ്പം നൽകണം. ഫീസ് തിരികെ നൽകുകയില്ല. കൂടുതൽ വിവരങ്ങൾക്ക്, സർവകലാശാലയുടെ വെബ്സൈറ്റ് സന്ദർശിക്കുക, 04842862955 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ദേശീയ ഇക്കണോമിക്സ് ഫെസ്റ്റ് 29, 30 തീയതികളിൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അപ്ലൈഡ് ഇക്കണോമിക്സ് വിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ ജനുവരി 29, 30 തീയതികളിലായി ദേശീയ ഫെസ്റ്റ് 'അർത്ഥിക്ത 25' സംഘടിപ്പിക്കുന്നു. ഫെസ്റ്റിന്റെ ആദ്യ ദിനത്തിൽ കുസാറ്റിലെ പോളിമർ സയൻസ് ആൻറ് റബർ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ സെമിനാർ ഹാളിൽ രാവിലെ 10 മണിക്ക് പ്രബന്ധാവതരണ മത്സരവും, കുസാറ്റിലെ എൻവയോൺമെനറൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ കോൺഫറൻസ് ഹാളിൽ രാവിലെ 10 മണിക്ക് ഐപിഎൽ ഓക്ഷൻ മത്സരവും നടത്തുന്നു. രണ്ടാം ദിനത്തിൽ എൻവയോൺമെനറൽ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ കോൺഫറൻസ് ഹാളിൽ രാവിലെ 10 മണിക്ക് ജനറൽ ക്വിസ് മത്സരവും, പോളിമർ സയൻസ് ആൻറ് റബർ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ സെമിനാർ ഹാളിൽ രാവിലെ 10 മണിക്ക് ബെസ്റ്റ് ഇക്കണോമിസ്റ്റ് അവാർഡിനായുള്ള മത്സരവും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് arthikta25@gmail.com എന്ന ഇമെയിലിലോ, കോർഡിനേറ്റർ ഡോ ശിഖ രമേഷ്: 8089505886, സ്റ്റുഡൻറ് കോർഡിനേറ്റർ അഞ്ജലി രവീന്ദ്രൻ: 8593911250 എന്നീ നമ്പറുകളിലോ ബന്ധപ്പെടുക.

## ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്: അറ്റാദായത്തിൽ 18.3 ശതമാനം വർധനവ്

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസങ്ങളിൽ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 803 കോടി രൂപയുടെ അറ്റാദായം കൈവരിച്ചു. 18.3 ശതമാനം വർധനവാണിത് കാണിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അനുപ് ബഗ്ചി പറഞ്ഞു.

ഇക്കാലയളവിൽ പുതിയ ബിസിനസിന്റെ മൂല്യം 8.5 ശതമാനം വർധിച്ച് 1575 കോടി രൂപയിലും എത്തിയിട്ടുണ്ട്. ആകെ വിൽപന നടത്തിയ പോളിസികളുടെ കാര്യത്തിൽ 14.4 ശതമാനം വർധനവോടെ ഈ രംഗത്തെ സ്വകാര്യ മേഖലയിൽ ഏറ്റവും മികച്ച നേട്ടവും കൈവരിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൻറെ മൂന്നാം ത്രൈമാസത്തിൽ കൈകാര്യം ചെയ്യുന്ന പെൻഷൻ ഫണ്ടുകൾ 40,000 കോടി രൂപയിലുമെത്തി. ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന തങ്ങളുടെ രീതി തുടർച്ചയായ അഞ്ചു ത്രൈമാസങ്ങളിൽ ഈ മേഖലയിലെ മൊത്തത്തിലുള്ള പ്രകടനത്തെ മറികടക്കാൻ സഹായിച്ചതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അനുപ് ബഗ്ചി പറഞ്ഞു. റീട്ടെയിൽ മേഖലയിൽ ലഭിച്ച പ്രീമിയത്തിന്റെ കാര്യത്തിൽ തങ്ങൾക്ക് 31.4 ശതമാനം വളർച്ചയുണ്ടാക്കാൻ കഴിഞ്ഞ ഒൻപതു മാസങ്ങളിൽ സാധിച്ചു. പുതിയ ബിസിനസ് മൂല്യം തങ്ങളുടെ ബിസിനസിൻറെ ലാഭക്ഷമത വർധിക്കുന്നതാണ് ചൂണ്ടിക്കാട്ടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെന്റ് ആർഒ സിസ്റ്റംസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ജല ശുദ്ധീകരണ ഉത്പന്ന ബ്രാൻഡായ കെന്റിന്റെ ഉടമകളായ കെൻറ് ആർഒ സിസ്റ്റംസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. പ്രമോട്ടർമാരുടെ ഒരു രൂപ മുഖവിലയുള്ള 10,094,568 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഐ സി എസ് ഐ കൊച്ചി ചാപ്റ്റർ ഭാരവാഹികൾ



**ജിനു മാത്തൻ, സ്വാതി ഭോജക്**

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ (ഐ സി എസ് ഐ) കൊച്ചി ചാപ്റ്റർ 2025ലെ ഭാരവാഹികളെ തെരഞ്ഞെടുത്തു. ചാപ്റ്ററിന്റെ ചെയർപേഴ്സണും സെക്രട്ടറിയുമായി ജിനു മാത്തനും സ്വാതി ഭോജക്കും തെരഞ്ഞെടുക്കപ്പെട്ടു. ഗോകുൽ വി ഷേണായി (വൈസ് ചെയർപേഴ്സൺ), ഉമാദേവി ടി (ട്രഷറർ) എന്നിവരാണ് മറ്റു ഭാരവാഹികൾ.

## ആർസിഐ ഭാവന 2025 26ന്

**കൊച്ചി:** റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ സംഘടിപ്പിക്കുന്ന സ്പെഷ്യൽ സ്കൂൾ കലോത്സവം 'ഭാവന 2025' കാക്കനാട് ചെമ്പുമുക്ക് അസീസി വിദ്യാനികേതൻ പബ്ലിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ ജനുവരി 26ന് രാവിലെ ഒൻപതു മണി മുതൽ നാലു മണി വരെ നടക്കും. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് വി ജി അരുൺ ഉദ്ഘാടനം ചെയ്യും.

റോട്ടറി പ്രസിഡണ്ട് റെജി സക്കറിയ, ഭാവന ചെയർമാൻ മനോജ്കുമാർ, കൂടാതെ നിയുക്ത റോട്ടറി ഡിസ്ട്രിക്ട് ഗവർണർ ഡോ. ജി എൻ രമേഷ് മുഖ്യാതിഥിയായി പങ്കെടുക്കും. നെസ്റ്റ് ഗ്രൂപ്പ് സിഎഫ് ഓ ജയരാജ് കുളങ്ങര, നിത്യ ഗോപാലകൃഷ്ണൻ, ക്യാപ്റ്റൻ ഗോപാലകൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് ഭിന്ന ശേഷിക്കാരായ വിദ്യാർഥികളുടെ വിവിധ ഇനം മത്സരങ്ങളും കലാപരിപാടികളും അരങ്ങേറും.

## പുതിയ മിനി കൂപ്പർ എസ് ജോൺ കൂപ്പർ വർക്സ് പാക്ക് ഇന്ത്യയിൽ അവതരിപ്പിച്ചു



**കൊച്ചി :** മിനി ഇന്ത്യ പുതിയ മിനി കൂപ്പർ എസ് ജോൺ കൂപ്പർ വർക്സ് പാക്ക് ലോഞ്ച് പ്രഖ്യാപിച്ചു. കംപ്ലീറ്റ്ലി ബിൽറ്റ് അപ്പ് യൂണിറ്റായി ലഭ്യമാകുന്ന കാർ രാജ്യത്തുടനീളമുള്ള എല്ലാ മിനി അംഗീകൃത ഡീലർമാരിലും വെബ്സൈറ്റിലും ബുക്ക് ചെയ്യാം. 2025 ഏപ്രിൽ മുതൽ ഡെലിവറികൾ ആരംഭിക്കും.
മിനി കൂപ്പർ എസ് ജോൺ കൂപ്പർ വർക്സ് പാക്ക് ഐഎൻആർ 55,90,000 മുതൽ ആരംഭിക്കുന്നു

# പുതിയ 2025 ആക്ടിവയുമായി ഹോണ്ട



**ഗുരുഗ്രാം:** ജനപ്രിയ സ്കൂട്ടറായ ആക്ടിവയുടെ പുതിയ ഒബിഡി2ബിഅനുസൃത പതിപ്പുമായി ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ). സാങ്കേതികവിദ്യ, സൗകര്യം, സുസ്ഥിരത എന്നിവയുടെ സമന്വയമായ ആക്ടിവയെ അടുത്ത തലത്തിലേക്ക് ഉയർത്തുന്നതാണെന്നും പുതിയ പതിപ്പ് നിരവധി നൂതന സവിശേഷതകളുള്ള പുതിയ 2025 ഹോണ്ട ആക്ടിവയുടെ ഡൽഹിയിലെ എക്സ് ഷോറൂം വില 80,950 രൂപയിൽ ആരംഭിക്കുന്നുവെന്നും ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യ മാനേജിംഗ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുട്സുമു ഒട്ടാനി പറഞ്ഞു.

ബ്ലൂടൂത്ത് കണക്ടിവിറ്റിയോടു കൂടിയ ടിഎഫ്ടി ഡിസ്പ്ലെ, ഒബിഡി2ബി അനുസൃത എഞ്ചിൻ എന്നിവ സാങ്കേതികത്തികവിലെ മുൻനിരയോടുള്ള ഞങ്ങളുടെ പ്രതിബദ്ധത വ്യക്തമാക്കുന്നു. മികച്ച റൈഡിംഗ് അനുഭവത്തിനൊപ്പം ഇന്ത്യയിലെ സ്കൂട്ടർ വിപണിയിലെ ഹോണ്ടയുടെ നേതൃത്വത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതാകും ഈ പുതിയ പതിപ്പെന്നും അദ്ദേഹം പറഞ്ഞു.

ആക്ടിവ കേവലമൊരു സ്കൂട്ടറല്ലെന്നും രാജ്യത്തെ കോടിക്കണക്കിന് കുടുംബങ്ങളുടെ വിശ്വസനീയ പങ്കാളിയാണെന്നും ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഡയറക്ടർ യോഗേഷ് മാഥുർ പറഞ്ഞു, ബ്ലൂടൂത്ത് കണക്റ്റിവിറ്റി, നാവിഗേഷൻ, ഐഡ്‌ലിംഗ് സ്റ്റോപ്പ് സിസ്റ്റം, യുഎസ്ബി ടൈപ്പ്സി ചാർജിംഗ് പോർട്ട് എന്നിവയുള്ള 4.2 ഇഞ്ച് ടിഎഫ്ടി ഡിസ്പ്ലേ തുടങ്ങിയ സവിശേഷതകളോടെ മാനദണ്ഡങ്ങളെ പുനഃനിർവചിക്കുകയാണ് പുതിയ 2025 ആക്ടിവ. ഇന്ത്യയുടെ ഈ പ്രിയപ്പെട്ട സ്കൂട്ടർ എന്നെന്നും സൗകര്യത്തിന്റെയും വിശ്വാസ്യതയുടെയും മറുവാക്കാണ്. ഹരിതശുദ്ധമായ ഭാവിയിലേക്കുള്ള പ്രയാണത്തിൽ ഒരു പടി കൂടി മുന്നോട്ടു വയ്ക്കുന്നതാണ് ഒബിഡി2ബി മോഡൽ എന്നും സുട്സുമു ഒട്ടാനി പറഞ്ഞു.

# അന്താരാഷ്ട്ര ടൂറിസം വ്യാപാര മേളയിൽ തിളങ്ങി ഇന്ത്യൻ സംസ്ഥാനങ്ങൾ



**കൊച്ചി:** മാഡ്രിഡിൽ നടക്കുന്ന ലോകപ്രശസ്ത ടൂറിസം മേളകളിലൊന്നായ ഫിറ്റൂർ 2025 ന്റെ ഉദ്ഘാടന ചടങ്ങിൽ സ്പെയിനിലെ ഇന്ത്യൻ അംബാസഡർ ദിനേഷ് കെ. പട്നായിക് പങ്കെടുത്തു. ഈ അന്താരാഷ്ട്ര മേളയിൽ സ്ഥാപിച്ച ഇൻക്രെഡിബിൾ ഇന്ത്യ പവലിയനിൽ ഇന്ത്യൻ സംസ്ഥാനങ്ങൾ അവരുടെ ടൂറിസം സാധ്യതകൾ പ്രദർശിപ്പിച്ചു. കഥകളി, മോഹിനിയാട്ടം, തെയ്യം എന്നിവയുടെ വിസ്മയിപ്പിക്കുന്ന പരമ്പരാഗത അവതരണങ്ങൾക്കൊപ്പം പുരാതന ഇന്ത്യൻ ആയുർവേദ ചികിത്സാ സമ്പ്രദായത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കേരള പവലിയൻ സന്ദർശകരെ ആകർഷിച്ചു.

പരിപാടി ജനുവരി 26 വരെ നീണ്ടുനിൽക്കും. ആഗോള യാത്രകളും സാംസ്കാരിക അനുഭവങ്ങളും പ്രദർശിപ്പിക്കാൻ ലക്ഷ്യമിടുന്നു. പരിപാടിയിൽ ഇന്ത്യൻ ടൂറിസത്തിന്റെ സമ്പന്നമായ വൈവിധ്യം ഉയർത്തിക്കാട്ടുന്ന ഇൻക്രെഡിബിൾ ഇന്ത്യ പവലിയൻ അംബാസഡർ പട്നായിക് ഉദ്ഘാടനം ചെയ്തു.കേരള പവലിയൻ, കഥകളി, മോഹിനിയാട്ടം, തെയ്യം തുടങ്ങിയ പരമ്പരാഗത കലാരൂപങ്ങൾക്കൊപ്പം ആയുർവേദത്തിനും ആരോഗ്യത്തിനും ഊന്നൽ നൽകി, സംസ്ഥാനത്തിന്റെ വൈവിധ്യമാർന്ന ടൂറിസം ഓഫറുകൾ അവതരിപ്പിച്ചു. ഉത്തർപ്രദേശ് പവലിയൻ സംസ്ഥാനത്തിന്റെ ആഴത്തിലുള്ള ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യം എടുത്തുകാണിച്ചു. രാജസ്ഥാൻ പവലിയന്റെ ഉദ്ഘാടനത്തിലും അംബാസഡർ പങ്കെടുത്തു, അത് അതിന്റെ മഹത്തായ കൊട്ടാരങ്ങൾ, ആഡംബര ട്രെയിൻ അനുഭവങ്ങൾ, ഊർജ്ജസ്വലമായ സാംസ്കാരിക പാരമ്പര്യങ്ങൾ എന്നിവയിലൂടെ സംസ്ഥാനത്തിന്റെ രാജകീയ പ്രതാപം പ്രദർശിപ്പിച്ചു.

ആഗോളതലത്തിൽ അതിന്റെ ശ്രദ്ധേയമായ വിനോദസഞ്ചാര സാധ്യതകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു അസാധാരണ വേദിയാണ് ഫിറ്റൂർ. സാംസ്കാരിക പൈതൃകങ്ങളാൽ സമ്പന്നം മാത്രമല്ല, ആഗോള സഞ്ചാരികളുടെ പ്രധാന ആകർഷണമായി വർത്തിക്കുന്ന വിനോദസഞ്ചാര വാഗ്ദാനങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഇന്ത്യ ഈ പരിപാടിയിൽ മികവ് പ്രകടമാക്കി.

## തനിഷ്ക് അൺബൗണ്ട് വിപണിയിലവതരിപ്പിച്ചു



**കൊച്ചി:** ടാറ്റയിൽ നിന്നുള്ള ഇന്ത്യയിലെ ഏറ്റവും വലിയ റീട്ടെയിൽ ജൂവലറി ബ്രാൻഡ് ആയ തനിഷ്ക് പുതിയ നാച്ചുറൽ ഡയമണ്ട് ആഭരണ ശേഖരമായ അൺബൗണ്ട് വിപണിയിലവതരിപ്പിച്ചു. തനിഷ്കിന്റെ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ് ആഘോഷത്തിൻറെ ഭാഗമായാണ് പുതിയ ശേഖരം അവതരിപ്പിച്ചത്.

18 കാരറ്റ് സ്വർണ്ണത്തിൽ ഒന്ന് മുതൽ മൂന്നു വരെ കാരറ്റ് ഡയമണ്ടുകൾ പതിച്ച് നിർമ്മിച്ചവയാണ് അൺബൗണ്ട് ശേഖരം. നെക്ക് വെയർ, പെൻഡൻറ് സെറ്റുകൾ, കോക്ക്ടെയിൽ റിങ്ങുകൾ, ഇയർ റിങ്ങുകൾ എന്നിവ ഉൾപ്പെടെയുള്ളതാണ് ശേഖരം. ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിൻറെ ഭാഗമായി നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളുടെ മൂല്യത്തിൽ 20 ശതമാനം വരെ ഇളവും തനിഷ്ക് നൽകുന്നുണ്ട്. കൂടാതെ ഉപയോക്താക്കൾക്ക് തങ്ങളുടെ പഴയ തനിഷ്ക് ഡയമണ്ട് ആഭരണങ്ങൾ നൂറു ശതമാനം നിലവിലുള്ള നിരക്കിൽ എക്സ്ചേഞ്ചും ചെയ്യാം.

15,000 രൂപ മുതലാണ് തനിഷ്കിൻറെ നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളുടെ വില.തനിഷ്ക് ഷോറൂം സന്ദർശിച്ചോ ഓൺലൈനായി www.tanishq.co.in സന്ദർശിച്ചോ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിൻറെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താമെന്ന് കമ്പനി അധികൃതർ അറിയിച്ചു.




# കേരളത്തിൽ സിറോസ് അവതരിപ്പിച്ച് ഇഞ്ചിയോൺ കിയ

**കൊച്ചി :** ഇന്ത്യയിലെ കോംപാക്ട് എസ്.യു.വി സെഗ്മെന്റിൽ ഇതിനോടകം തന്നെ തരംഗമായി മാറിയ സിറോസ് കേരളത്തിൽ അവതരിപ്പിച്ച് ഇഞ്ചിയോൺ കിയ. കൊച്ചിയിലെ ഇഞ്ചിയോൺ കിയയുടെ ഷോറൂമിൽ വച്ച് നടന്ന ചടങ്ങിൽ ഇഞ്ചിയോൺ കിയ എം.ഡി നയീം ഷാഹുൽ പുതിയ മോഡൽ അവതരിപ്പിച്ചു. കിയ ഇന്ത്യ ഏരിയ സെയിൽസ് മാനേജർ ആശിഷ് ജോൺ മാത്യൂസ്, ഇഞ്ചിയോൺ കിയ സെയിൽസ് വൈസ് പ്രസിഡന്റ് പ്രേംജിത്ത് സോമൻ, സർവീസ് സീനിയർ വൈസ് പ്രസിഡന്റ് റെജി വർഗീസ് എന്നിവർ ചടങ്ങിന്റെ ഭാഗമായി.ടെക് പ്രേമികൾക്കും നഗരയാത്രകളെ ഇഷ്ടപ്പെടുന്നവർക്കുമായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ പുതിയ മോഡലിൽ ഒട്ടനവധി ഫീച്ചറുകളാണ് കിയ അവതരിപ്പിച്ചിരിക്കുന്നത്. ഡിസൈൻ, ടെക്നോളജി, സ്പേസ് എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ രചിക്കുന്ന വിപ്ലവകരമായൊരു മോഡലാണ് സിറോസ് പുതിയ മോഡലവതരിപ്പിച്ച് നയീം ഷാഹുൽ പറഞ്ഞു. സിറോസിലൂടെ, കിയ ഇന്ത്യ തങ്ങളുടെ ഉൽപ്പന്ന ശ്രേണി കൂടുതൽ മികച്ചതാക്കുകയും, സമാനതകളില്ലാത്ത സുഖസൗകര്യങ്ങൾ, അത്യാധുനിക സാങ്കേതികവിദ്യ, ഉപഭോക്ത കേന്ദ്രീകൃതമായ രൂപകൽപ്പന തുടങ്ങിയവ സമന്വയിപ്പിച്ച് ഒരു പുതിയ എസ്‌യുവി അനുഭവം തന്നെയാണ് വാഗ്ദാനം ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡ്യുവൽ പാനൽ പനോരമിക് സൺറൂഫും പതിനാറോളം ഓട്ടോണമസ് സുരക്ഷാക്രമീകരണങ്ങളോട് കൂടിയ അഡാസ് ലെവൽ 2 ഫീച്ചറും ഉൾപ്പെടെ നിരവധി സവിശേഷതകളോടെയാണ് സിറോസ് നിരത്തുകളിലേക്കെത്തുന്നത്. 30 ഇഞ്ച് വലിപ്പമുള്ള ട്രിനിറ്റി പനോരാമിക് ഡിസ്‌പ്ലേ പാനൽ, വയർലെസ് ചാർജർ, ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, 64 നിറങ്ങളുള്ള ആമ്പിയൻറ് മൂഡ് ലൈറ്റിങ് എന്നിവയാണ് പ്രധാന ഇന്റീരിയർ ഫീച്ചറുകൾ. സ്ലൈഡ് ചെയ്യാനും മടക്കാനും കഴിയുന്ന പിൻസീറ്റുകളുമാണ് സിറോസിന്റെ മറ്റൊരു സവിശേഷത, കൂടാതെ പിന്നിലെ സീറ്റുകളിൽ വെന്റിലേറ്റഡ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. സുരക്ഷയ്ക്കായി, ആറ് എയർബാഗുകൾ, ഹിൽസ്റ്റാർട്ട് അസിസ്റ്റ്, ഫ്രണ്ട് ആൻഡ് റിയർ പാർക്കിംഗ് സെൻസറുകൾ, ലെയിൻകീപ്പിംഗ് അസിസ്റ്റ്, ബ്ലൈൻഡ് വ്യൂ മോണിറ്ററോട് കൂടിയ 360 ഡിഗ്രീ ക്യാമറ തുടങ്ങിയവും ഇതിൽ സജ്ജീകരിച്ചിരിക്കുന്നു. ഇതിനുപുറമെ സെഗ്മെന്റിൽ ആദ്യമായി ഓവർദിഎയർ സോഫ്റ്റ്‌വെയർ അപ്ഡേറ്റുകൾ സിറോസ് വാഗ്ദാനം ചെയ്യുന്നു. ഡീലർഷിപ്പ് സന്ദർശിക്കാതെ തന്നെ ഏറ്റവും പുതിയ സോഫ്റ്റ്‌വെയറും ഫീച്ചറുകളും ഓട്ടോമാറ്റിക് ആയി തന്നെ ഉപഭോക്താവിന് ലഭ്യമാകുന്നു. വരുന്ന ഫെബ്രുവരി 3ന് സിറോസിന്റെ വില പ്രഖ്യാപിക്കും.

# സമ്മിറ്റ് ഓഫ് ഫ്യൂച്ചർ; അർമാൻ മാലിക് കൊച്ചിയിൽ

**കൊച്ചി:** സമ്മിറ്റി ഓഫ് ഫ്യൂച്ചർ ആഘോഷമാക്കിമാറ്റുവാൻ കൊച്ചിയിൽ എത്തുന്നത് ബോളിവുഡ് ഗായകൻ അർമാൻ മാലിക് ഉൾപ്പെടെയുള്ളവർ. കൂടെ വിവിധ മ്യൂസിക് ബാൻഡുകളും എത്തും. ഇൻഡി ഫോക്, പോപ് ബാൻഡുകളും ഇലക്ട്രോണിക് സംഗീതകാരൻമാരും വൈവിധ്യമാർന്ന സംഗീത വിരുന്നാകും വരുനാളുകളിൽ മെട്രോ നഗരത്തിനായി ഒരുക്കുക. ജനുവരി 26 മുതൽ ഫെബ്രുവരി ഒന്ന് വരെയുള്ള ദിനങ്ങളിൽ പതിനേഴോളം സംഗീതകലാകാരൻമാർ മാസ്മരിക പ്രകടനത്തിന് സമ്മിറ്റ് ഓഫ് ഫ്യൂച്ചർ വേദിയാകും. ടിക്കറ്റുകൾ സമ്മിറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

ബോളിവുഡ് ഗായകൻ അർമാൻ മാലിക് ജനുവരി 26നാണ് കൊച്ചിയിലെത്തുന്നത്. ഞായറാഴ്ച രാത്രി എട്ട് മണി മുതൽ കൊച്ചിക്കാർക്ക് അർമാൻ മാലിക് ഷോ ആസ്വദിക്കാം. അന്നേ ദിവസം തന്നെ വൈകീട്ട് ആറ് മണിക്ക് പ്രമുഖ മ്യൂസീഷൻ ആയ മുബാസ് എന്ന മുഹമ്മദ് മുബാസിന്റെ സംഗീത പരിപാടിയും വേദിയിൽ അരങ്ങേറും.താളാത്മകമായ കഥപറച്ചിലുമായെത്തുന്ന 43 മൈൽസ്, കർണാട്ടിക് മ്യൂസിക് തരംഗവുമായ് അഗം എന്നീ ബാൻഡുകളാണ് ജനുവരി 27 ന് എത്തുന്നത്. വൈകുന്നേരം 6.30 നും രാത്രി എട്ട് മണിക്കുമാണ് സംഗീത സന്ധ്യ നടക്കുക. ജനുവരി 28 മറ്റഡോറിയ മ്യൂസിക് ബാൻഡ്, ഫ്ലോക്, റോക്ക് മ്യൂസിക് ഫ്യൂഷനുമായി മസാല കോഫി മ്യൂസിക് ബാൻഡ് എന്നിവരും പ്രേക്ഷകർക്ക് മുൻപിലെത്തും.

29 ന് വൈകീട്ട് 6.30ന് ഡിജെ പാർട്ടി വൈബുമായി ഡിജെ നോയ്സ്, രാത്രി 8 മണിക്ക് ഇലക്ട്രോണിക് മ്യൂസിക് തരംഗവുമായി ലെടിൻസ് എന്നീ ബാൻഡുകളും കൊച്ചിയിൽ എത്തും. ജനുവരി 30ന് ഷാൻക ട്രൈബ്സ്, ചായ് മെറ്റ് ടോസ്റ്റ് എന്നിവരും വേദിയിൽ പ്രകടനത്തിനെത്തും. 31ന് മൂന്ന് ഷോകളാണുള്ളത്. സ്ട്രീറ്റ് അക്കാദമിക്സ്, എംസി കൂപ്പർ, റിബിൻ റിച്ചാർഡ് തുടങ്ങിയവരുടെ സംഗീത പരിപാടിക്കും സമ്മിറ്റ് ഓഫ് ഫ്യൂച്ചർ സാക്ഷ്യം വഹിക്കും.

ഫ്യൂച്ചർ ഓഫ് സമ്മിറ്റിന്റെ സമാപന ദിവസമായ ഫെബ്രുവരി ഒന്നിന് നാല് ബാൻഡുകളാണ് കൊച്ചിക്ക് സംഗീതനിശ സമ്മാനിക്കാൻ എത്തുന്നത്. ഡിജെ ജെയിംസ് ബാൻഡിന്റെ ഷോയിലൂടെ സംഗീത പരിപാടിക്ക് തുടക്കം കുറിക്കും. പിന്നീട് ഡിജെ അറെസ്, ഡിജെ സെഫർടോൺ, തുംഗ് വാഗ് തുടങ്ങിയ ബാൻഡുകളും വേദിയിൽ എത്തും. കൂടുതൽ വിവരങ്ങൾക്ക്7034044141/ 7034044242

# ഭിന്നശേഷി കുട്ടികൾക്ക് വേറിട്ട സ്വീകരണം ഒരുക്കി കൊച്ചി ലുലു

**കൊച്ചി:** ലുലുമാൾ കാണണമെന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ ആഗ്രഹം നിറവേറ്റി കൊച്ചി ലുലുമാൾ അധികൃതർ. കോഴിക്കോട് കുന്നുമ്മൽ ബി.ആർ.സിക്ക് കീഴിലുള്ള 25 ലധികം വിദ്യാർത്ഥികളും അധ്യാപകരും ഇവരുടെ രക്ഷിതാക്കളുമാണ് കഴിഞ്ഞ ദിവസം മാളിലേക്ക് എത്തിയത്. രണ്ട് ദിവസം സംഘടിപ്പിച്ച ദ്വിദിന വിനോദ വിജ്ഞാന യാത്രയുടെ ഭാഗമായിട്ടാണ് ഇവർക്ക് മാൾ സന്ദർശിക്കാൻ അവസരമൊരുക്കിയത്.



മാൾ കാണമെന്ന ആഗ്രഹം കുട്ടികൾ പ്രകടിപ്പിച്ചതോടെ ഈ ആഗ്രഹം നിറവേറ്റുകയായിരുന്നു. സമഗ്ര ശിക്ഷ അഭയാന്റെ കീഴിൽ വരുന്ന കുന്നുമ്മൽ ബ്ളോക്ക് റിസോഴ്സ് സെന്ററിലെ മേലധികാരികൾ ലുലുമാൾ അധികൃതരെ ബന്ധപ്പെട്ടതോടെയാണ് നടപടികൾ വേഗത്തിലായത്. പിന്നാലെ മാൾ കാണാനും കുട്ടികളുടെ കളിസ്ഥലമായ ഫൺട്യൂറ അടക്കമുള്ള വിനോദ സ്ഥലങ്ങൾ ഇവർക്ക് ആസ്വദിക്കാനും അവസരമൊരുങ്ങി. വീൽ ചെയറിലെത്തിയ അഞ്ച് കുട്ടികൾ അടക്കം 25 ലധികം പേരാണ് സംഘത്തിലുണ്ടായിരുന്നത്. ഇവരെ നയിക്കാൻ ഓരോ കുട്ടിക്കും രക്ഷിതാവിനൊപ്പം ട്രയിനർമാരും എത്തിയിരുന്നു. മെട്രോയിൽ ലുലുമാളിലേക്ക് എത്തിയ കുരുന്നുകളെ മാൾ അധികൃതർ സ്വീകരിച്ചു. പിന്നാലെ ഇവർ ലുലു ഫൺ ട്യൂറയിലെ ഓരോ റൈഡുകളിലും കയറി കളിസ്ഥലം ആസ്വദിച്ചു.

ലുലുവിലെ വിനോദ സ്ഥലത്ത് ഭക്ഷണം അടക്കമുള്ള എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. കുരുന്നുകളെ സ്വീകരിക്കാൻ രാജേഷ് ചേർത്തലയുടെ ഫ്യൂഷനും മാളിൽ പ്രത്യേകം തയ്യാറാക്കി. കുട്ടികൾ പറയുന്ന ഗാനങ്ങളെല്ലാം ഓടക്കുഴലിലൂടെ രാജേഷ് ചേർത്തല പാടി കേൾപ്പിച്ചു. സംഗീത സദസ് കുട്ടികൾക്ക് ആസ്വാദ്യമായിരുന്നു. ലുലു ഫുഡ് കോർട്ടും കളി സ്ഥലങ്ങളും, ഹൈപ്പർ മാർക്കറ്റും തുടങ്ങി ഓരോ കാഴ്ചകളും കൺനിറയെ കണ്ടാണ് കുട്ടികൾ മടങ്ങിയത്. മാൾ ഒരുപാട് ഇഷ്ടപ്പെട്ടെന്നും ലഭിച്ചത് വേറിട്ട അനുഭവമായിരുന്നെന്നും കുട്ടികളുടെ മറുപടി. വീട്ടിൽ മാത്രം ഒതുങ്ങി, മാനസികമായും ശാരീരികമായും വെല്ലുവിളി നേരിടുന്ന കുട്ടികളാണ് കുന്നുമ്മൽ ബി.ആർ.സിക്ക് കീഴിലെ പ്രോഗ്രാമിലൂടെ മാളിലേക്ക് എത്തിയത്.

കുട്ടികളുടെ ജീവിതത്തിലെ മറക്കാനാകാത്ത നിമിഷമാണ് സംഭവിച്ചതെന്ന് അധ്യാപകർ പ്രതികരിച്ചത്. ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, രാജേഷ് ചേർത്തല തുടങ്ങിയവർ കുട്ടികളുമായി സംസാരിച്ചു. ബി.ആർ.സി അംഗങ്ങളായ സൂരജ് പി., ട്രെയിനർമാരായ ഡിജു. കെ.പി, റഷീദ്, സനൂപ് സി.എൻ.അഭിരാഗ് പി.പി, ആഷ്‌ലി ചാക്കോ, സുനിൽ കുമാർ എന്നിവർ ബി.ആർ.സിയെ പ്രതിനിധീകരിച്ച് എത്തി. കൊച്ചി ലുലുമാളിലെ ഫൺ ട്യൂറ വിഭാഗം പരിപാടികൾക്ക് നേതൃത്വം നൽകി.


